VOL NO: 05 | ISSUE 07
www.nerpatham.com
mail@nerpatham.com

2021 FEBRUARY 13 | ₹12

# നേർപഥം

വാരിക

# ചൂഷണം: ആത്മീയം, ഭൗതികം എന്താണ് പരിഹാരം?



വിവിധ മതവിഭാഗങ്ങൾ വിവിധ വിശ്വാസങ്ങളോടെ കഴിഞ്ഞുകൂടുന്ന രാജ്യത്ത് ആത്മീയകാര്യങ്ങൾ ഏകീകരിക്കുകയോ അവരുടെ വിശ്വാസങ്ങളിൽ നിയമം മൂലം ഭേദഗതി കൊണ്ടുവരികയോ ചെയ്യൽ അപ്രായോഗികമാണ്. കേവലം നിയമങ്ങളിലൂടെ ഒരു സമൂഹത്തിലും പരിഷ്കരണം സാധിക്കില്ല. ശക്തമായ ബോധവൽക്കരണം നിർവഹിച്ച് ആത്മീയതയുടെ പേരിലും ഭൗതികതയുടെ പേരിലുമുള്ള ചൂഷണങ്ങളെ ഇല്ലായ്മ ചെയ്യാൻ എല്ലാ മത വിഭാഗങ്ങളും തയ്യാറെടുക്കുകയാണ് വേണ്ടത്.

- പുത്തൻവാദികളോടുള്ള നിലപാട്

**ഇസ്‌ലാം, സ്ത്രീ, അനന്തരാവകാശം**

**കുപ്രചാരണങ്ങൾ കൊണ്ട് കുപ്രസിദ്ധരായവർ**

**പിഞ്ചുമക്കളുടെ ജീവനെടുക്കുന്ന മാതാപിതാക്കൾ**

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്‌സായും ടെക്‌സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

0213
നേർപഥം
വാരിക

2021 ഫെബ്രുവരി 13
1442 റജബ് 01
പുസ്തകം 05 /ലക്കം 07

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






## ചൂഷണം: ആത്മീയം, ഭൗതികം എന്താണ് പരിഹാരം?
സുഫ്‌യാൻ അബ്ദുസ്സലാം
10

05
**മുഖമൊഴി**
പിഞ്ചുമക്കളുടെ ജീവനെടുക്കുന്ന മാതാപിതാക്കൾ
എഡിറ്റർ

06
**ചരിത്രപഥം**
പരസ്യപ്രബോധനം
ഹുസൈൻ സലഫി, ഷാർജ

16
**ക്വുർആൻ ദർശനം**
അൽവാഖിഅ (സംഭവം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

18
**ലേഖനം**
ഇസ്‌ലാം, സ്ത്രീ,
അനന്തരാവകാശം
ശബീബ് സ്വലാഹി

21
**വിമർശനം**
കുപ്രചാരണങ്ങൾ കൊണ്ട്
കുപ്രസിദ്ധരായവർ
മൂസ സ്വലാഹി, കാര

25
**അനുഭവക്കുറിപ്പ്**
വിധിയെ പഴിക്കരുത്
അമർ ബഷീർ

26
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ
സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

30
**വിവർത്തനം**
പുത്തൻവാദികളോടുള്ള
നിലപാട്
ഡോ. സ്വാലിഹ് ബിൻ ഫൗസാൻ

34
**ജാലകം**
തൂപ്പുകാരിയുടെ വില!
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

ചലനങ്ങൾ

# തെരഞ്ഞെടുപ്പ് ലക്ഷ്യമാക്കി സാമുദായികധ്രുവീകരണത്തിന് ശ്രമിക്കുന്നവരെ ഒറ്റപ്പെടുത്തണം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: രാജ്യത്തെ പൗരന്മാരുടെ അടിസ്ഥാന പ്രശ്‌നങ്ങൾ വിസ്മരിക്കുകയും സാമുദായിക ധ്രുവീകരണം സൃഷ്ടിച്ച് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പുതിയ പ്രവണതക്കെതിരെ ജനാധിപത്യ, മതേതര വിശ്വാസികൾ ഒന്നിക്കണമെന്ന് കോഴിക്കോട് ചേർന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മുജാഹിദ് നേതൃസംഗമം ആവശ്യപ്പെട്ടു. മുസ്‌ലിം സമുദായത്തെ അനാവശ്യമായി വിവാദത്തിലേക്ക് കൊണ്ടുവരികയും സംശയത്തിന്റെ നിഴലിൽ നിർത്തുകയും ചെയ്യുന്നതിൽനിന്നും ബന്ധപ്പെട്ടവർ പിന്തിരിയണം. മുസ്‌ലിം സമുദായം വിദ്യാഭ്യാസ, ഉദ്യോഗ മേഖലകളിൽ അർഹമായ വളർച്ച നേടുമ്പോൾ അനാവശ്യമായ വിവാദങ്ങൾ ഉണ്ടാക്കുന്നവരെ നാം കരുതിയിരിക്കണം.

'നിർഭയ ജീവിതം, സുരക്ഷിത സമൂഹം' എന്ന പ്രമേയത്തിൽ 2021 ഏപ്രിൽ 1,2,3,4 തീയതികളിലായി നടക്കുന്ന ഓൺലൈൻ സമ്മേളന പ്രവർത്തനങ്ങൾ നേതൃസംഗമം വിലയിരുത്തി. ഫെബ്രുവരി 12ന് ഒമാൻ സമ്മേളനം, 13ന് 'വർദ' ഗേൾസ് മീറ്റ്, 14ന് മഹല്ല് നേതൃസംഗമം, 19ന് ഖത്തർ സമ്മേളനം, ഉറുദു സമ്മേളനം, 21ന് ഹദീഥ് സെമിനാർ, ലക്ഷദ്വീപ് സമ്മേളനം, 25,26,27,28 തീയതികളിൽ പ്രോഫ്‌കോൺ, മാർച്ചിൽ സുഊദി സമ്മേളനം, 7ന് വ്യാപാരി സമ്മേളനം, 12ന് യു.എ.ഇ സമ്മേളനം എന്നിവ നടക്കുന്നതാണ്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി.കെ.അശ്‌റഫ് അധ്യക്ഷത വഹിച്ചു. പ്രൊഫ.ഹാരിസുബ്‌നു സലീം, മുഹമ്മദ് സ്വാദിഖ് മദീനി, അബ്ദുൽ മാലിക് സലഫി, സി.പി.സലിം, ഹുസൈൻ കാവനൂർ, കെ.സജ്ജാദ്, ഉമർ അത്തോളി, ജാബിർ.വി.എം, നിസാർ കരുനാഗപ്പള്ളി, റഷീദ് കൊടക്കാട്ട്, അൻവർ സ്വലാഹി, ഇബ്‌റാഹീം കെ.വി, അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി, റഷീദ് മാസ്റ്റർ കാരപ്പുറം, ബഷീർ ആലപ്പുഴ, പി.കെ.അശ്‌റഫ് സുല്ലമി, ഹനീഫ ഓടക്കൽ, ജമാൽ മദനി, നാസിർ സ്വലാഹി, മുജാഹിദ് ബാലുശ്ശേരി, അബ്ദുർറഹ്മാൻ മദനി, അശ്‌റഫ് കല്ലായ്, ജമാൽ പെരിന്തൽമണ്ണ, അബ്ദുർറസാഖ്, റിയാസ് തൃശൂർ, ഹൈദർ അലി എന്നിവർ പ്രസംഗിച്ചു.

## കേന്ദ്രസർക്കാർ ചരിത്രത്തിൽ നിന്നും പാഠം ഉൾക്കൊള്ളണം: വിസ്ഡം യൂത്ത്

കോഴിക്കോട്: അഹിംസയിലൂന്നിയ സമരമുറകളെ അടിച്ചമർത്തുന്ന ശൈലി ഇന്ത്യൻ പൈതൃകത്തിനെതിരാണെന്നും ഇത്തരം ശൈലികളെ ജനകീയ സമരങ്ങൾ ചെറുത്ത് തോൽപിച്ച ചരിത്രമാണുള്ളതെന്നും അതിൽ നിന്ന് പാഠമുൾക്കൊള്ളാൻ ഭരണകൂടം തയ്യാറാകണമെന്നും വിസ്ഡം യൂത്ത് സംസ്ഥാന നേതൃസംഗമം അഭിപ്രായപ്പെട്ടു. കർഷകവിരുദ്ധ ബില്ലിനെതിരെ രാജ്യത്തിന്റ ജീവനാഡികളായ കർഷകർ നടത്തുന്ന സമരങ്ങളോടുള്ള സെലിബ്രിറ്റികളുടെ പ്രതികരണം മാനവികതയോടുള്ള അവരുടെ കപടമുഖം വെളിവാക്കുന്നതും നിരാശപ്പെടുത്തുന്നതുമാണ്.

സംഗമം എം. കെ രാഘവൻ എം.പി ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ താജുദ്ദീൻ സ്വലാഹി, പ്രൊഫസർ ഹാരിസുബ്‌നു സലീം, മുജീബ് ഒട്ടുമ്മൽ, ഹസൻ അൻസാരി, ഡോ.പി.പി നസീഫ്, യു മുഹമ്മദ് മദനി, അബ്ദുല്ല ഫാസിൽ, പി.യു സുഹൈൽ, നിഷാദ് സലഫി പ്രസംഗിച്ചു.എം.സി.സി ബഹ്‌റൈൻ വൈസ് പ്രസിഡന്റ് ശംസുദ്ദീൻ വെള്ളിക്കുളങ്ങര എന്നിവർ ആശംസ നേർന്നു. അൽഹിദായ സെന്റർ ഭാരവാഹികളായ യാഖൂബ് ഈസ, അബ്ദുല്ലത്വീഫ് സി.എം, അബ്ദുല്ലത്വീഫ് ചാലിയം എന്നിവർ പരിപാടി നിയന്ത്രിച്ചു.

മുഖമൊഴി

# പിഞ്ചുമക്കളുടെ ജീവനെടുക്കുന്ന മാതാപിതാക്കൾ

കഴിഞ്ഞ ഒരു വർഷത്തെ പത്രങ്ങൾ എടുത്തുനോക്കിയാൽ മാതാപിതാക്കൾ തന്നെ പിഞ്ചുമക്കളുടെ ജീവനെടുത്തതിന്റെ ഒട്ടേറെ വാർത്തകൾ കാണാൻ കഴിയും. തന്റെ ഒന്നോ അതിലധികമോ മക്കളെ കിണറ്റിലെറിഞ്ഞോ കഴുത്തുഞെരിച്ചോ കഴുത്തുമുറിച്ചോ കൊന്ന് ആത്മഹത്യ ചെയ്ത മാതാക്കൾ അതിലുണ്ട്. മക്കളെയും കൊണ്ട് ട്രെയ്നിനു തലവെച്ച മാതാക്കളുണ്ട്. ഭാര്യയോടുള്ള ദേഷ്യം തീർക്കാൻ പിഞ്ചുകുഞ്ഞിനെ കാലിൽപിടിച്ച് ചുമരിലടിച്ചുകൊന്ന പിതാവുണ്ട്. കാമുകന്റെ കൂടെ പൊറുക്കാൻ വേണ്ടി കുഞ്ഞിനെ കൊന്ന് കുഴിച്ചുമൂടിയ മാതാവുണ്ട്. മിഠായിക്കുവേണ്ടി കരഞ്ഞ കുഞ്ഞിനെ തൂക്കിയെടുത്ത് തലയ്ക്കടിച്ചുകൊന്ന പിതാവുണ്ട്. മാനസിക വിഭ്രാന്തിയിൽ കുഞ്ഞിനെ കഴുത്തറുത്തു കൊന്ന മാതാവുണ്ട്. ഈയിടെ ആന്ധ്രപ്രദേശിൽ യുവതികളായ രണ്ടു മക്കളെ അന്ധവിശ്വാസത്തിന്റെ പ്രചോദനത്താൽ കൊന്നത് സ്വന്തം മാതാവാണ്. ഈ മാസം 7ന് പാലക്കാട് ജില്ലയിൽ ഒരു യുവതി ആറു വയസ്സുള്ള മകനെ കഴുത്തറുത്ത് കൊന്നതാണ് അവസാനമായി നടന്നത്.

സ്വന്തം ചോരയിൽ പിറന്ന കുഞ്ഞിനെ മാതാവോ പിതാവോ അതിക്രൂരമായി കൊല്ലുവാൻ എന്തെങ്കിലും കാരണമുണ്ടാകണമല്ലോ. വഴിവിട്ട ജീവിതത്തിന് വിഘാതമെന്നു കണ്ടിട്ടാകാം. ലഹരിക്ക് അടിമപ്പെട്ടതിനാലാകാം. സംശയരോഗമോ മാനസിക രോഗമോമൂലമാകാം. ഐശ്വര്യം ലഭിക്കാനോ പ്രയാസങ്ങൾ നീങ്ങിക്കിട്ടാനോ മറ്റോ മന്ത്രവാദികൾ നിർദേശിച്ചതനുസരിച്ചാകാം... എന്തുതന്നെയായാലും വല്ലാത്ത വേദനയുണ്ടാക്കുന്നതാണ് കുഞ്ഞുങ്ങൾ ഇങ്ങനെ കൊല്ലപ്പെടുക എന്നത്.

ഇപ്പോൾ ഏറെ ചർച്ച ചെയ്യപ്പെടുന്നത് പാലക്കാട്ടെ സംഭവമാണ്. ദൈവപ്രീതിക്കായി ചെയ്തതാണ് എന്ന് ആ മാതാവ് പറഞ്ഞതായി സോഷ്യൽ മീഡിയകളിലൂടെ പ്രചരിക്കുന്നുണ്ട്. അറസ്റ്റിലായ മാതാവ് കഴിഞ്ഞദിവസംവരെ കുട്ടികളെ വഴക്കുപോലും പറഞ്ഞിട്ടില്ലെന്നും എല്ലാവരോടും സ്നേഹത്തോടെയും ബഹുമാനത്തോടെയുമാണ് പെരുമാറിയിരുന്നതെന്നും നാട്ടുകാരും മുനിസിപ്പാലിറ്റി കൗൺസിലറും പറയുന്നു. മാനസിക പ്രശ്നങ്ങളുണ്ടെന്നും പറഞ്ഞുകേൾക്കുന്നു. എന്തായാലും താമസിയാതെ സത്യം പുറത്തുവരുമെന്നു പ്രതീക്ഷിക്കാം.

ഈ സംഭവത്തെ യുക്തിവാദികൾ ഇസ്‌ലാമിനെ തല്ലാൻ കിട്ടിയ വലിയ ആയുധമായി ആഘോഷിക്കുകയാണിപ്പോൾ! ഇസ്‌ലാമാണത്രെ ഇതിനു പിന്നിലെ കാരണം. ദൈവപ്രീതിക്കായി ബലിയറുക്കാൻ ഇസ്‌ലാം നിർദേശിക്കുന്നുണ്ട് എന്ന് തോന്നിപ്പിക്കും വിധമാണ് പ്രചാരണം! എക്സ് മുസ്‌ലിം എന്നറിയപ്പെടുന്ന യുക്തിവാദി നേതാവിന്റെ ഒരു പോസ്റ്റ് സോഷ്യൽ മീഡിയയിൽ കറങ്ങുന്നത് കണ്ടപ്പോൾ സഹതാപമാണ് തോന്നിയത്. തന്റെ ആദർശ പാപ്പരത്തം മൂടിവെക്കാൻ കള്ളപ്രചാരണം നടത്താൻ ടിയാൻ ഒരു മടിയും കാണിക്കുന്നില്ല.

ഇസ്‌ലാമിക അധ്യാപനത്തിൽ പെട്ടതാണ് നരബലിയെങ്കിൽ ലോകത്തെ കോടിക്കണക്കിനു മുസ്‌ലിംകൾക്കിടയിൽ ദിവസം എത്ര ബലികൾ നടക്കുമായിരുന്നു! പ്രവാചകൻ ആഗതനാകുന്ന കാലത്ത് അന്നാട്ടിലെ ചില ഗോത്രങ്ങൾക്കിടയിൽ പെൺകുഞ്ഞുകൾ പിറക്കുന്നത് അപമാനമായി കണ്ടിരുന്നു. അതിനാൽ ജീവനോടെ കുഞ്ഞിനെ കുഴിച്ചുമൂടിയിരുന്നു. ഇസ്‌ലാം അതിന്റെ അടിവേരറുത്തു. പരലോകത്ത് അത്തരക്കാർ വിചാരണ ചെയ്യപ്പെടുമെന്ന് ക്വുർആൻ അറിയിച്ചു. കുഞ്ഞുങ്ങൾ ഉണ്ടായാൽ ദാരിദ്ര്യമുണ്ടാകുമെന്ന ഭയത്താൽ കൊന്നുകളയുന്നവരുണ്ടായിരുന്നു. ഇസ്‌ലാം അതിനെ ഏറ്റവും വലിയ പാപമായി കാണുന്നു. (ക്വുർആൻ 17:31). അന്യായമായി ഒരു മനുഷ്യനെ എന്നല്ല ഒരു ജീവിയെയും ഹനിക്കരുതെന്നാണ് ഇസ്‌ലാമികാധ്യാപനം. ഇതൊക്കെ അറിയുമെങ്കിലും ആരെയൊക്കെയോ സുഖിപ്പിച്ച് ഭൗതികലാഭം കൊയ്യാനുള്ള തരംതാണ പ്രവർത്തനമാണ് മേൽപറയപ്പെട്ട എക്സ് മുസ്‌ലിം നടത്തിക്കൊണ്ടിരിക്കുന്നത്.



മുഹമ്മദ് നബി ﷺ 9

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

# പരസ്യപ്രബോധനം

രഹസ്യപ്രബോധനത്തിൽനിന്ന് മാറി പരസ്യപ്രബോധനം നടത്താനായി അല്ലാഹുവിന്റെ കൽപന വന്നു. ക്വുർആനിലെ അശ്ശുഅറാഅ് എന്ന സൂറത്തിലാണ് ആ കൽപന നമുക്ക് കാണാൻ സാധിക്കുക. ഈ അധ്യായത്തിൽ മൂസാ നബി(عليه السلام)യുടെയും മറ്റു ചില നബിമാരുടെയും പ്രബോധനവും അവർ നേരിട്ട പരീക്ഷണങ്ങളും അല്ലാഹു വിവരിക്കുന്നുണ്ട്. മൂസാ നബി(عليه السلام)യുടെ ചരിത്രം അൽപം വിശദമായിത്തന്നെ ഇവിടെ പ്രതിപാദിക്കുന്നുണ്ട്. ആരുടെയും തുണയില്ലാതെ, ക്രൂരനും അക്രമിയുമായ ഫിർഔനിന്റെ നാട്ടിൽ പ്രബോധനം ചെയ്യാൻ ആരംഭിച്ചതുമുതൽ അവസാനം വിശ്വാസികൾക്ക് വിജയവും അവിശ്വാസികൾക്ക് പരാജയും ലഭിച്ചതുവരെയുള്ള സംഭവങ്ങൾ ഇവിടെ അല്ലാഹു വിവരിക്കുന്നുണ്ട്. നൂഹ് നബി(عليه السلام)യുടെ ജനത, ആദ് സമുദായം, ഥമൂദുകാർ, ഇബ്റാഹീം നബി(عليه السلام)യുടെ ജനത, ലൂത്വ് നബി(عليه السلام)യുടെ ജനത, അസ്ഹാബുൽ ഐകത്ത് തുടങ്ങിയ, പ്രവാചകന്മാരെ കളവാക്കിയ വിഭാഗങ്ങളുടെയെല്ലാം പര്യവസാനം എന്തായിരുന്നു എന്നും ഈ അധ്യായത്തിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

മുഹമ്മദ് നബിﷺക്കും വിശ്വാസികൾക്കും പ്രബോധന വീഥിയിൽ നേരിടേണ്ടി വന്നേക്കാവുന്ന പ്രതിസന്ധികളെ കുറിച്ചുള്ള ഒരു തിരിച്ചറിവ് നൽകുന്നതിനും മുൻകഴിഞ്ഞ പ്രവാചകന്മാരുടെ ധീരചരിത്രങ്ങളെ മാതൃകയാക്കുവാനും ധൈര്യം പകരാനുമായിരിക്കാം പരസ്യപ്രബോധനത്തിന് കൽപിക്കുന്നതിന് മുമ്പായി ഈ ചരിത്രങ്ങൾ വിവരിക്കുന്നത്. പരസ്യപ്രബോധനത്തിനായി നബിﷺയോട് അല്ലാഹു കൽപിക്കുന്നത് ഇപ്രകാരമാണ്:

“നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക” (അശ്ശുഅറാഅ് 214)

പ്രബോധനം പരസ്യപ്പെടുത്താൻ അല്ലാഹുവിന്റെ കൽപന വന്നു. കൽപന വന്നപ്പോൾ നബിﷺ എന്ത് ചെയ്തു?

ഇബ്നു അബ്ബാസിؓൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: ‘നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക’ (എന്ന വചനം) ഇറങ്ങിയപ്പോൾ നബിﷺ സ്വഫായിൽ കയറി. എന്നിട്ട് (ഇങ്ങനെ) വിളിക്കുവാൻ തുടങ്ങി: ‘ഫിഅ്റിന്റ സന്തതികളേ, അദിയ്യിന്റെ സന്തതികളേ.’ അവർ (മക്കക്കാർ) എല്ലാവരും ഒരുമിച്ചുകൂടി. അങ്ങനെ (അവിടേക്ക്) പുറപ്പെടാൻ കഴിയാത്ത ഒരാൾ (തന്റെ) ഒരു ദൂതനെ അത് (ആ വിളി) എന്താണെന്ന് നോക്കുവാൻ അയച്ചു. അങ്ങനെ അബൂലഹബും ക്വുറയ്ശും വന്നു. എന്നിട്ട് നബിﷺ ചോദിച്ചു: ‘ഈ താഴ്‌വരയിൽ ഒരു കുതിരപ്പട നിങ്ങളെ അക്രമിക്കാൻ ഉദ്ദേശിച്ച് നിൽക്കുന്നു എന്ന് ഞാൻ നിങ്ങളോട് പറഞ്ഞിരുന്നെങ്കിൽ നിങ്ങളുടെ അഭിപ്രായം എന്താകും?’ അവർ പറഞ്ഞു: ‘അതെ, ഞങ്ങൾക്ക് നിന്റെ മേൽ സത്യമല്ലാതെ പരിചയമില്ലല്ലോ.’ (അപ്പോൾ) നബിﷺ പറഞ്ഞു: ‘തീർച്ചയായും ശക്തമായ ശിക്ഷ വരുന്നതിനുമുമ്പ് നിങ്ങൾക്കുള്ള ഒരു താക്കീതുകാരനാകുന്നു ഞാൻ.’ അപ്പോൾ അബൂലഹബ് പറഞ്ഞു: ‘നിനക്ക് നാശം. ഇന്നത്തെ ദിവസം അല്ലാത്തതിലും (നിനക്ക് നാശം). ഇതിനായിരുന്നോ നീ ഞങ്ങളെ ഒരുമിച്ചുകൂട്ടിയത്?’ അപ്പോൾ ‘അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവന്റെ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവനു ഉപകാരപ്പെട്ടില്ല’ (എന്ന സൂക്തങ്ങൾ) ഇറങ്ങി” (ബുഖാരി).

പരസ്യപ്രബോധനത്തിനായി കൽപന വന്നപ്പോൾ നബിﷺ സ്വഫാ കുന്നിൽ കയറി എല്ലാവരെയും അവിടേക്ക് വിളിച്ചു ചേർത്തു. നാൽപത് പേർ അവിടെ ഒരുമിച്ചുകൂടി എന്നും അമ്പത് പേരായിരുന്നു എന്നുമെല്ലാം കാണാവുന്നതാണ്. നബിﷺയുടെ വിളി കേട്ടവർ അവിടേക്ക് എത്തി. എത്താൻ കഴിയാത്തവർ അവിടേക്ക് ദൂതനെ പറഞ്ഞുവിട്ടു. നബിﷺയുടെ പിതൃവ്യന്മാരായ അബ്ബാസ്ؓ, ഹംസؓ, അബൂത്വാലിബ്, അബൂലഹബ് തുടങ്ങിയവരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. എല്ലാവരും എത്തിയതിന് ശേഷം അവരോട് ചോദിച്ചു: ‘ഈ താഴ്‌വരയിൽ നിങ്ങളെ അക്രമിക്കാൻ തയ്യാറായി നിൽക്കുന്ന ഒരു സൈന്യത്തെ സംബന്ധിച്ച് നിങ്ങളോട് ഞാൻ പറഞ്ഞാൽ നിങ്ങൾ എന്നെ വിശ്വസിക്കുമോ?’ അവർ പറഞ്ഞു: ‘തീർച്ചയായും. കാരണം, നിന്നിൽ നിന്ന് സത്യമേ ഞങ്ങൾക്ക് പരിചയമുള്ളൂ.’ അപ്പോൾ നബിﷺ വരാനിരിക്കുന്ന ശിക്ഷയെ പറ്റി അവർക്ക് മുന്നറിയിപ്പുനൽകി. അത് അവർക്ക് അംഗീകരിക്കാൻ സാധിച്ചില്ല. അവർ കോപാകുലരായി. ചീത്ത വിളിച്ചു. പിതൃവ്യൻ അബൂലഹബ് ആയിരുന്നു നബിﷺയെ ആദ്യമായി ചീത്തവിളിച്ചത്. അതിന്റെ കാരണത്താൽ അവനെ ശപിച്ചുകൊണ്ട് അല്ലാഹു ക്വുർആൻ വചനങ്ങൾ ഇറക്കി. അബൂലഹബിന് മോശമായ പര്യവസാനം ലഭിക്കുകയും ചെയ്തു എന്നാണ് ചരിത്രം വിശദമാക്കുന്നത്. അബൂലഹബിനെ ശപിച്ചുകൊണ്ട് ഇറക്കപ്പെട്ട ഈ സൂക്തങ്ങളെ പറ്റി ചിന്തിച്ച് മനസ്സിലാക്കി ഇസ്‌ലാമിലേക്ക് വന്നവർ പോലും ഉണ്ടായിട്ടുണ്ട് എന്നതും ചരിത്ര പ്രസിദ്ധമാണ്. അബൂലഹബ് നശിക്കട്ടെ എന്നും അവൻ നശിച്ചിരിക്കുന്നു എന്നും അവനെയും അവന്റെ ഭാര്യയും നരകത്തിൽ കത്തിക്കപ്പെടുന്നതാണ് എന്നും അല്ലാഹു അറിയിച്ചല്ലോ. അത് അറിഞ്ഞപ്പോൾ ഇവർ രണ്ടുപേരും ഇസ്‌ലാം സ്വീകരിച്ചിരുന്നെങ്കിൽ ക്വുർആനിൽ വൈരുധ്യം ഉണ്ടാകുമായിരുന്നില്ലേ? പക്ഷേ, അത് സംഭവിച്ചില്ല. ക്വുർആൻ ദൈവിക ഗ്രന്ഥമല്ലെന്നും മുഹമ്മദ് നബിﷺ അല്ലാഹു അയച്ച ദൂതനല്ലെന്നും സ്ഥാപിക്കുക എന്ന ദുരുദ്ദേശ്യത്തോടെയെങ്കിലും അവർ ഇസ്‌ലാം സ്വീകരിച്ചില്ല. ഈ വചനങ്ങൾ ഇറങ്ങിയ ശേഷവും എത്രയോ കാലം ഇരുവരും ജീവിച്ചെങ്കിലും ഇസ്‌ലാം സ്വീകരിക്കാൻ അവർക്ക് കഴിഞ്ഞില്ല എന്നത് ക്വുർആനിന്റെ ദൈവികത വ്യക്തമാക്കുന്നു. ക്വുർആനിനെ പഠനവിധേയമാക്കിയ പലർക്കും ഈ സംഭവം ഇസ്‌ലാമിലേക്ക് വരാൻ കാരണമായിട്ടുണ്ട്.

ത്രികാല ജ്ഞാനിയിയായ അല്ലാഹു പറഞ്ഞത് ഒരിക്കലും പിഴക്കില്ലല്ലോ. അവർ ഇരുവരും സത്യനിഷേധികളായിട്ടുതന്നെയാണ് നശിച്ചുപോയത്.

അബൂലഹബിന്റെ ഭാര്യ ഉമ്മു ജമീൽ നബിﷺയെ ആക്ഷേപിച്ച് ഇങ്ങനെ പാടിയത് കാണാം:

"ആക്ഷേപത്തിന് അർഹനായവൻ (ചില കാര്യങ്ങൾ ഞങ്ങളോട് പറഞ്ഞപ്പോൾ) ഞങ്ങൾ (അവനോട്) വിസമ്മതം കാണിച്ചു. അവന്റെ ദീനിനെ ഞങ്ങൾ ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. അവന്റെ കൽപനകളോട് ഞങ്ങൾ അനുസരക്കേട് കാണിക്കുകയും ചെയ്യുന്നു."

മക്കക്കാർ മുഹമ്മദ് നബിﷺയെ ആക്ഷേപിക്കപ്പെട്ടവൻ എന്ന അർഥത്തിൽ 'മുദമ്മമുൻ' എന്ന് വിളിച്ച് പ്രയാസപ്പെടുത്താറുണ്ടായിരുന്നു. ഇത്തരം സന്ദർഭങ്ങളിൽ അവിടുന്ന് വിഷമത്താൽ കൂട്ടുകാരൻ അബൂബക്റി﵁നെ പോലെയുള്ളവരെ വിളിച്ച് ഇപ്രകാരം ചോദിക്കും:

അബൂഹുറയ്റ﵁യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'എങ്ങനെയാണ് ക്വുറയ്ശികളുടെ ചീത്തവിളിയും അവരുടെ ശാപവും എന്നിൽനിന്ന് അല്ലാഹും മാറ്റിയത് (എന്ന് ആലോചിച്ച്) നിങ്ങൾ അത്ഭുതപ്പെടുന്നില്ലേ? മുദമ്മമുൻ (എന്നുപറഞ്ഞ്) അവർ എന്നെ ചീത്ത വിളിക്കുന്നു. മുദമ്മമുൻ (എന്നുപറഞ്ഞ്) അവർ എന്നെ ശപിക്കുന്നു. ഞാനാകട്ടെ മുഹമ്മദാകുന്നു."(ബുഖാരി).

'മുദമ്മമുൻ' (ആക്ഷേപിക്കപ്പെടുന്നവൻ) എന്ന് പറഞ്ഞുകൊണ്ടാണല്ലോ അവർ നബിﷺയെ ചീത്ത വിളിക്കുകയും ശപിക്കുകയുമെല്ലാം ചെയ്യുന്നത്. എന്നാൽ അവരുടെ ചീത്തവിളിയും ശാപവാക്കുകളും എല്ലാം അല്ലാഹു നബിﷺയിൽനിന്നും തിരിച്ചുവിടുകയാണ് ചെയ്തത്. മുഹമ്മദ് എന്നതിന്റെ അർഥം സ്തുതിക്കിപ്പെട്ടവൻ എന്നാണല്ലോ. നബിﷺ വാസ്തവത്തിൽ എല്ലാവരാലും വാഴ്ത്തപ്പെടുകയും പ്രശംസിക്കപ്പെടുകയുമാണ് ചെയ്തത്.

പരസ്യപ്രബോധനത്തിന് അല്ലാഹുവിന്റെ കൽപനയുണ്ടായപ്പോൾ നബിﷺ എന്താണ് ചെയ്തതെന്ന് ബുഖാരിയിലെ ഹദീഥിലൂടെ നാം മനസ്സിലാക്കി. സ്വഹീഹ് മുസ്‌ലിമിൽ ഇപ്രകാരം നമുക്ക് കാണാം:

അബൂഹുറയ്റ﵁ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലിﷺന് 'നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക' (എന്ന വചനം) ഇറക്കപ്പെട്ട സന്ദർഭത്തിൽ (അവിടുന്ന്) പറഞ്ഞു: 'ഓ ക്വുറയ്ശ് സമൂഹമേ, അല്ലാഹുവിൽനിന്ന് നിങ്ങളുടെ ശരീരത്തെ നിങ്ങൾ വാങ്ങുവിൻ. അല്ലാഹുവിൽനിന്ന് നിങ്ങൾക്ക് വേണ്ടി എനിക്ക് യാതൊരു ഉപകാരവും ചെയ്യാൻ കഴിയില്ല. ഓ, ബനൂ അബ്ദുൽമുത്ത്വലിബ്, അല്ലാഹുവിൽ നിന്ന് നിങ്ങൾക്കുവേണ്ടി എനിക്ക് യാതൊരു ഉപകാരവും ചെയ്യാൻ കഴിയില്ല, ഓ, അബ്ബാസുബ്നു അബ്ദുൽ മുത്ത്വലിബ്, അല്ലാഹുവിൽനിന്ന് നിങ്ങൾക്കുവേണ്ടി എനിക്ക് യാതൊരു ഉപകാരവും ചെയ്യാൻ കഴിയില്ല. ഓ, അല്ലാഹുവിന്റെ റസൂലിന്റെ പിതൃസഹോദരി സ്വഫിയ്യാ, അല്ലാഹുവിൽനിന്ന് നിങ്ങൾക്ക് വേണ്ടി എനിക്ക് യാതൊരു ഉപകാരവും ചെയ്യാൻ കഴിയില്ല. ഓ, അല്ലാഹുവിന്റെ റസൂലിന്റെ മകൾ ഫാത്വിമാ, നീ ഉദ്ദേശിക്കുന്നതിൽനിന്ന് എന്നോട് നീ ചോദിച്ചോളൂ. അല്ലാഹുവിൽനിന്ന് നിനക്കുവേണ്ടി എനിക്ക് യാതൊരു ഉപകാരവും ചെയ്യാൻ കഴിയില്ല."

പരസ്യ പ്രബോധനം കുടുംബത്തിൽനിന്ന് നാട്ടുകാരിലേക്ക് മാറി. അതിന് അല്ലാഹുവിന്റെ കൽപന വന്നിരുന്നു.

"അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ചുകൊള്ളുക. ബഹുദൈവവാദികളിൽനിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക" (ഹിജ്ർ 94)

അല്ലാഹു തന്നിൽ ഏൽപിച്ചിട്ടുള്ള കാര്യങ്ങൾ കൃത്യമായി നിറവേറ്റുവാനും ആ മാർഗത്തിൽ ശത്രുക്കളുടെ എല്ലാ എതിർപ്പുകളെയും അവഗണിച്ച് ധീരമായി മുന്നേറുവാനും കൽപന വന്നു. പിന്നീട് നബിﷺ പ്രബോധനം മക്കയിൽ പരസ്യമാക്കുകയാണ്. കുടുംബത്തിലെയും നാട്ടിലെയും വേണ്ടപ്പെട്ടവരെല്ലാം മുഹമ്മദിന്റെ ദീനിൽ ആകൃഷ്ടരാകുന്നു എന്ന് മനസ്സിലാക്കിയ മക്കക്കാർ ഒന്നടങ്കം ഇളകി. കൂക്കി

> **അബൂലഹബിന് മോശമായ പര്യവസാനം പ്രവചിച്ച് ക്വുർആൻ ആയത്ത് ഇറങ്ങി. അബൂലഹബിനെ ശപിച്ചുകൊണ്ട് ഇറക്കപ്പെട്ട ഈ സൂക്തങ്ങളെ പറ്റി ചിന്തിച്ച് മനസ്സിലാക്കി ഇസ്‌ലാമിലേക്ക് വന്നവർ പോലും ഉണ്ടായിട്ടുണ്ട് എന്നതും ചരിത്ര പ്രസിദ്ധമാണ്. അബൂലഹബ് നശിക്കട്ടെ എന്നും അവൻ നശിച്ചിരിക്കുന്നു എന്നും അവനെയും അവന്റെ ഭാര്യയും നരകത്തിൽ കത്തിക്കപ്പെടുന്നതാണ് എന്നും അല്ലാഹു അറിയിച്ചല്ലോ. അത് അറിഞ്ഞപ്പോൾ ഇവർ രണ്ടുപേരും ഇസ്‌ലാം സ്വീകരിച്ചിരുന്നെങ്കിൽ ക്വുർആനിൽ വൈരുധ്യം ഉണ്ടാകുമായിരുന്നില്ലേ? പക്ഷേ, അത് സംഭവിച്ചില്ല.**

വിളിച്ചും കല്ലെറിഞ്ഞും കളിയാക്കിയും അസഭ്യം പറഞ്ഞും നബിﷺക്കും വിശ്വാസികൾക്കുമെതിരിൽ കൊടിയ മർദനം അഴിച്ചുവിട്ടു. പീഡനങ്ങൾ പലവിധത്തിൽ നടത്തി. മാനസികമായും ശാരീരികമായും ഉപദ്രവം ഉണ്ടാക്കി. ഒരു സംഭവം കാണുക:

അബ്ദുല്ലാഹി﷛ൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽ കഅ്ബയുടെ അടുക്കൽ നമസ്കരിച്ചുകൊണ്ടിരിക്കുകയാണ്. ക്വുറയ്ശി സംഘം അവരുടെ ഇരിപ്പിടങ്ങളിലുമാണ്. അതിനിടയിൽ അവരിൽനിന്ന് ഒരാൾ ഇപ്രകാരം പറഞ്ഞു: 'ഈ കാണിക്കുന്നവനിലേക്ക് നിങ്ങൾ നോക്കുന്നില്ലേ? ഇന്ന ആളുടെ കുടുംബത്തിൽ (അറുത്ത) ഒട്ടകത്തിന്റെ കാഷ്ഠവും രക്തവും കുടൽമാലകളും (എടുക്കാൻ) നിങ്ങളിൽ ആരാണ് ആദ്യം തയ്യാറാകുക? എന്നിട്ട് അവൻ അത് കൊണ്ടുവരികയും ഇവൻ സുജൂദ് ചെയ്താൽ അവന്റെ പിരടികൾക്കിടയിൽ വെക്കുകയും ചെയ്യണം.' അങ്ങനെ അവരിലെ ഏറ്റവും വലിയ ദൗർഭാഗ്യവാൻ അതിനായി എഴുന്നേറ്റു. അല്ലാഹുവിന്റെ റസൂൽﷺ സുജൂദ് ചെയ്തപ്പോൾ അവൻ അവിടുത്തെ പിരടികൾക്കിടയിൽ വെച്ചു. നബിﷺ സുജൂദിൽ തന്നെ നിന്നു. അപ്പോൾ അവർ ചിലർ മറ്റു ചിലരിലേക്ക് ചെരിയുന്നതുവരെ പൊട്ടിച്ചിരിച്ചു. അപ്പോൾ ഒരാൾ ഫാത്വിമ﷛യുടെ അടുത്തേക്ക് (വിവരം അറിയിക്കാൻ) പോയി. അങ്ങനെ അവർ ഓടിവന്നു. അവർ നബിﷺയിൽനിന്ന് അത് എടുത്ത് ഒഴിവാക്കുന്നതുവരെ നബിﷺ സുജൂദിൽ തന്നെയായിരുന്നു. (അവർ അത് എടുത്തുമാറ്റിയതിന് ശേഷം) അവർ അവർക്കുനേരെ തിരിഞ്ഞ് അവരെ ചീത്തപറഞ്ഞു. അങ്ങനെ അല്ലാഹുവിന്റെ റസൂൽﷺ നമസ്കരിച്ച് കഴിഞ്ഞപ്പോൾ ഇപ്രകാരം പറഞ്ഞു: 'അല്ലാഹുവേ, ക്വുറയ്ശികളുടെ കാര്യം നിന്റെ മേലാണ്. അല്ലാഹുവേ, ക്വുറയ്ശികളുടെ കാര്യം നിന്റെ മേലാണ്. അല്ലാഹുവേ, ക്വുറയ്ശികളുടെ കാര്യം നിന്റെ മേലാണ്.' പിന്നീട് പേരെടുത്ത് (അവിടുന്ന് പറഞ്ഞു:) 'അല്ലാഹുവേ, അംറുബ്നു ഹിശാമിന്റെയും (അബൂലഹബ്), ഉത്ബതുബ്നു റബീഅയുടെയും ശയ്ബതുബ്നു റബീഅയുടെയും അൽവലീദുബ്നു ഉത്ബയുടെയും ഉമയ്യതുബ്നു ഖലഫിന്റെയും ഉക്വ്ബതുബ്നു അബീമുഅയ്ത്വിയുടെയും ഉമാറതുബ്നുൽ വലീദിന്റെയും കാര്യം നിന്റെ മേലാകുന്നു.' (സംഭവം റിപ്പോർട്ട് ചെയ്യുന്ന) അബ്ദുല്ല﷛ പറഞ്ഞു: 'അല്ലാഹുവാണ സത്യം! ബദ്ർ യുദ്ധ ദിവസം ഞാൻ അവരെ വീണുകിടക്കുന്നത് കാണുകയുണ്ടായി. പിന്നീട് അവർ ബദ്റിലെ ആ പൊട്ടക്കിണറ്റിലേക്ക് വലിച്ചിഴക്കപ്പെടുകയുണ്ടായി.' പിന്നീട് അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'പൊട്ടക്കിണറിന്റെ ആളുകൾ ശാപം പിന്തുടരപ്പെടുന്നവരാകുന്നു.'


ഈ ദുഷ്കൃത്യത്തിന് നേതൃത്വം നൽകിയതും അബൂലഹബായിരുന്നു. അബൂലഹബിന്റെ വാക്കു കേട്ട് ഒന്നും ചിന്തിക്കാതെ റസൂലിﷺനോട് ഇങ്ങനെ ചെയ്തവൻ ഉക്വ്ബയായിരുന്നു എന്നും മനസ്സിലാക്കാവുന്നതാണ്.

നബിﷺയുടെ നമസ്കാരവും ക്വുർആൻ പാരായണവും മുശ്രിക്കുകൾക്ക് ഏറെ അസഹ്യമായിരുന്നു. ക്വുർആൻ ഓതുന്നത് കേൾക്കുമ്പോൾ ചീത്തവിളിച്ചുകൊണ്ട് അവർ ഒപ്പം കൂടുമായിരുന്നു എന്നാണ് ചരിത്രം നമുക്ക് പറഞ്ഞുതരുന്നത്.

'നിന്റെ പ്രാർഥന നീ ഉച്ചത്തിലാക്കരുത്. അത് പതുക്കെയുമാക്കരുത്' (എന്ന) അല്ലാഹുവിന്റെ വചനത്തെ (17:110) സംബന്ധിച്ച് (ഇബ്നു അബ്ബാസ്﷛ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂൽﷺ മക്കയിൽ ഒളിഞ്ഞിരിക്കുമ്പോഴാണ് ഇത് ഇറങ്ങിയത്. നബിﷺ തന്റെ അനുചരന്മാരെയും കൊണ്ട് നമസ്കരിച്ചാൽ ക്വുർആൻ പാരായണം കൊണ്ട് ശബ്ദം ഉയർത്താറുണ്ടായിരുന്നു. അങ്ങനെ അത് മുശ്രിക്കുകൾ കേട്ടാൽ അവർ ക്വുർആനിനെയും അത് ഇറക്കിയവനെയും അത് കൊണ്ടുവന്നവനെയും ചീത്തിവിളിക്കും. അപ്പോൾ അല്ലാഹു നബിﷺയോട് പറഞ്ഞു: 'നിന്റെ പ്രാർഥന നീ ഉച്ചത്തിലാക്കരുത്' അതായത്, നിന്റെ പാരായണംകൊണ്ട്. കാരണം, മുശ്രിക്കുകൾ (അത്) കേൾക്കുകയും അങ്ങനെ അവർ ക്വുർആനിനെ ചീത്ത പറയുകയും ചെയ്യും. 'അത് പതുക്കെയുമാക്കരുത്.' താങ്കളുടെ അനുചരന്മാരെ തൊട്ട്; അപ്പോൾ അവർ (അത്) കേൾക്കാതിരിക്കുകയും ചെയ്യും. 'അതിന്നിടയിലുള്ള ഒരു മാർഗം നീ തേടിക്കൊള്ളുക'.

നമസ്കരിച്ചുകൊണ്ടിരിക്കെ ഒട്ടകത്തിന്റെ ചീഞ്ഞളിഞ്ഞ കുടൽമാലയും മറ്റു വൃത്തികേടുകളും അവിടുത്തെ പിരടിയിൽ ഇട്ട് പ്രയാസപ്പെടുത്തിയ രംഗം നാം വായിച്ചു. ഇപ്രകാരം അവർ പല തവണ ചെയ്തിരുന്നു. ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അവർ ചെയ്തിട്ടുണ്ട്.

നാം ഇന്ന് സുരക്ഷിതമായി സമാധാനത്തോടെ പള്ളികളിലും വീടുകളിലും സുജൂദിൽ കിടന്ന് അല്ലാഹുവിനോട് പ്രാർഥിക്കുമ്പോൾ, നബിﷺ ഇതിനുവേണ്ടി എത്ര ത്യാഗമാണ് സഹിച്ചിട്ടുള്ളതെന്ന് നാം ഓർക്കുന്നത് നല്ലതാണ്. **(അവസാനിച്ചില്ല)**



സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി

# ചൂഷണം: ആത്മീയം, ഭൗതികം എന്താണ് പരിഹാരം?

> **വിവിധ മതവിഭാഗങ്ങൾ വിവിധ വിശ്വാസങ്ങളോടെ കഴിഞ്ഞു കൂടുന്ന രാജ്യത്ത് ആത്മീയകാര്യങ്ങൾ ഏകീകരിക്കുകയോ അവരുടെ വിശ്വാസങ്ങളിൽ നിയമം മൂലം ഭേദഗതി കൊണ്ടുവരികയോ ചെയ്യൽ അപ്രായോഗികമാണ്. കേവലം നിയമങ്ങളിലൂടെ ഒരു സമൂഹത്തിലും പരിഷ്‌കരണം സാധിക്കില്ല. ശക്തമായ ബോധവൽക്കരണം നിർവഹിച്ച് ആത്മീയതയുടെ പേരിലും ഭൗതികതയുടെ പേരിലുമുള്ള ചൂഷണങ്ങളെ ഇല്ലായ്മ ചെയ്യാൻ എല്ലാ മതവിഭാഗങ്ങളും തയ്യാറെടുക്കുകയാണ് വേണ്ടത്.**

**കേ**രളീയ സമൂഹം വിവിധതരത്തിലുള്ള ചൂഷണങ്ങൾക്ക് കേളികേട്ട സമൂഹമാണ്. ഓരോ ദിവസവും നമ്മുടെ മാധ്യമങ്ങൾ പുറത്തുവിട്ടുകൊണ്ടിരിക്കുന്ന ചൂഷണ കഥകൾക്ക് ഒരു കുറവുമില്ല. ദിനംപ്രതി അത് അഭിവൃദ്ധിപ്പെടുകയല്ലാതെ അതിനെ നിയന്ത്രിക്കുവാൻ ആരും കാര്യമായി ശ്രമിക്കുന്നില്ല. നിത്യേന നാം വായിക്കുന്ന ചൂഷണ വാർത്തകൾ വാർത്താകൗതുകങ്ങളായി മിന്നിമറയുകയല്ലാതെ ആരും അത്ര ഗൗരവത്തിൽ അതിന്റെ അനന്തരഫലങ്ങളെ

കുറിച്ചോ ആഘാതങ്ങളെ കുറിച്ചോ ചിന്തിക്കാറില്ല. ചൂഷണങ്ങളിൽ ഇരകളാവുന്നത് സാധാരണക്കാരും വേണ്ടത്ര വിദ്യാഭ്യാസമില്ലാത്തവരുമാണ്. മിക്ക ചൂഷണങ്ങളുടെയും പിന്നിലെ ചേതോവികാരം സാമ്പത്തികമാണ്. മനുഷ്യരുടെ അറിവില്ലായ്മയെ മുതലെടുത്ത് പരമാവധി അവരെ പിഴിയാനുള്ള ആസൂത്രണങ്ങൾ ഒരുക്കുകയാണ് ചൂഷകർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത്തരം ചൂഷണങ്ങൾക്കെതിരെ നടപടിയെടുക്കുവാൻ അധികൃതർക്ക് സാധിക്കാതെ വരുന്നതിന്റെ പിന്നിലെ കാരണം ചൂഷകർക്ക് ഉന്നതങ്ങളിലുള്ള ശക്തമായ സ്വാധീനമാണ്.

## ഞെട്ടിപ്പിക്കുന്ന കണക്കുകൾ

കേരളത്തിൽ ഇക്കഴിഞ്ഞ ഒരു വർഷം നടന്ന ഗാർഹിക പീഡനങ്ങൾ, ലൈംഗിക പീഡനങ്ങൾ, സാമ്പത്തിക തട്ടിപ്പുകൾ, മാനസിക പീഡനങ്ങൾ, കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ തുടങ്ങി നിരവധി സംഭവങ്ങളിൽ പ്രതികൾ ശിക്ഷിക്കപ്പെടാതെ പോയതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത്തരം സംഭവങ്ങളിൽ 16% പേർ മാത്രമാണ് ശിക്ഷിക്കപ്പെടാറുള്ളത് എന്നാണ് ഇതുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തിയവർ സൂചിപ്പിക്കുന്നത്. ചൂഷകർക്ക് ഉന്നതങ്ങളുമായുള്ള ബന്ധത്തെയാണ് ഇത് വ്യക്തമാക്കുന്നത്. മാധ്യമങ്ങൾക്കോ മത, സാമൂഹിക പ്രസ്ഥാനങ്ങൾക്കോ സമൂഹത്തിൽ പടർന്നുപന്തലിക്കുന്ന ഇത്തരം ചൂഷണങ്ങൾക്കെതിരെ പ്രതികരിക്കാനോ ബോധവൽക്കരണം നടത്തുവാനോ വലിയ താൽപര്യം കാണുന്നില്ല. മത, രാഷ്ട്രീയ, മാധ്യമ, നിയമപാലന, നീതിന്യായ മേഖലകളെയെല്ലാം മൊത്തത്തിൽ വലയം ചെയ്തിട്ടുള്ള മഹാമാരിയാണ് ചൂഷണം എന്നതാണ് അതിനുള്ള കാരണം.

ചൂഷണത്തെ ആത്മീയം, ഭൗതികം എന്നിങ്ങനെ ഏതു തരത്തിൽ വിഭജിച്ചാലും അതിന്റെ അന്തിമ ഫലം അതിന്റെ ഇരകൾക്ക് സംഭവിക്കുന്ന സാമ്പത്തിക നഷ്ടങ്ങളും മാനസികവും ശാരീരികവുമായ ആഘാതങ്ങളുമാണ് എന്ന കാര്യത്തിൽ സംശയമില്ല. ഭൗതിക ചൂഷണങ്ങൾക്കെതിരെ ചെറുവിരൽ അനക്കാത്തവരും ആത്മീയ ചൂഷണത്തിനെതിരെ വലിയ സംസാരങ്ങൾ നടത്തുന്നതായി കാണാം. ആത്മീയ ചൂഷണങ്ങൾക്കെതിരെയുള്ള മുറവിളികളിൽ പലതും ആത്മാർഥമല്ലാത്തതും തങ്ങൾക്കിഷ്ടമില്ലാത്ത ഏതെങ്കിലും വിഭാഗങ്ങളെ മാത്രം ലക്ഷ്യം വെച്ചുള്ളതുമാകുന്നു എന്നതും ചൂഷണങ്ങൾക്കെതിരെ നടക്കുന്ന പോരാട്ടങ്ങളുടെ ഫലം നഷ്ടപ്പെടുത്തുന്നു.

## ആത്മീയതയെ നിർവചിക്കാൻ ഭരണകൂടത്തിനു സാധ്യമല്ല

ഒരു ബഹുമത സമൂഹത്തിൽ ഒരു ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം ആത്മീയതയെ നിർവചിക്കുക സാധ്യമല്ല. കാരണം ഒരു വിഭാഗം ആത്മീയമെന്നു വിശ്വസിക്കുകയോ കരുതുകയോ ചെയ്യുന്ന കാര്യം മറ്റൊരു വിഭാഗത്തിന് അന്ധവിശ്വാസമോ അവിശ്വാസമോ ആയിരിക്കാം. അങ്ങനെ ആത്മീയതയുടെ വിഷയത്തിൽ ഒരു ഏകോപനത്തിലെത്താൻ സാധ്യമല്ലാതെവരുമ്പോൾ അതിന്റെ പേരിൽ നടക്കുന്ന ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റു ആത്മീയതകളിൽ വിശ്വസിക്കുന്നവർക്ക് ചൂഷണമോ തിന്മയോ ആയി അനുഭവപ്പെട്ടേക്കാം. അതുകൊണ്ടുതന്നെ ആചാര വൈവിധ്യങ്ങളുടെ പേരിൽ പരസ്പരം ചൂഷണം ആരോപിക്കുകയും അതിന്റെ പേരിൽ ശിക്ഷ ആവശ്യപ്പെടുകയും ചെയ്യുന്ന പ്രവണത വിശ്വാസി സമൂഹത്തിന് മൊത്തത്തിൽ ഗുണകരമായിരിക്കില്ല. അത് അവർ ഇരിക്കുന്ന കൊമ്പുകളെ മുറിക്കുന്നതിന് സമമായിരിക്കും.

ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം രാജ്യം ക്രിമിനൽ കുറ്റമായി

> **ഒരു ബഹുമത സമൂഹത്തിൽ ഒരു ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം ആത്മീയതയെ നിർവചിക്കുക സാധ്യമല്ലാത്ത കാര്യമാണ്. ഒരു വിഭാഗം ആത്മീയമെന്നു വിശ്വസിക്കുകയോ കരുതുകയോ ചെയ്യുന്ന കാര്യം മറ്റൊരു വിഭാഗത്തിന് അന്ധവിശ്വാസമോ അവിശ്വാസമോ ആയിരിക്കാം. അങ്ങനെ ആത്മീയതയുടെ വിഷയത്തിൽ ഒരു ഏകോപനത്തിലെത്താൻ സാധ്യമല്ലാതെ വരുമ്പോൾ അതിന്റെ പേരിൽ നടക്കുന്ന ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും മറ്റു ആത്മീയതകളിൽ വിശ്വസിക്കുന്നവർക്ക് ചൂഷണമോ തിന്മയോ ആയി അനുഭവപ്പെട്ടേക്കാം. അതുകൊണ്ടുതന്നെ ആചാര വൈവിധ്യങ്ങളുടെ പേരിൽ പരസ്പരം ചൂഷണം ആരോപിക്കുകയും അതിന്റെ പേരിൽ ശിക്ഷ ആവശ്യപ്പെടുകയും ചെയ്യുന്ന പ്രവണത വിശ്വാസി സമൂഹത്തിന് മൊത്തത്തിൽ ഗുണകരമായിരിക്കില്ല. അത് അവർ ഇരിക്കുന്ന കൊമ്പുകളെ മുറിക്കുന്നതിന് സമമായിരിക്കും.**

കാണുന്ന ഏതെങ്കിലും ഒരു പ്രവൃത്തി വിശ്വാസത്തിന്റെയോ ആത്മീയതയുടെയോ പേരിൽ അനുവദിക്കാൻ സാധിക്കുകയില്ല. കുത്തി മുറിവേൽപ്പിക്കുക, തീയിൽ ചാടുക, വധിക്കുക തുടങ്ങി ക്രിമിനൽ കുറ്റമായി രാജ്യത്തിന്റെ പീനൽ കോഡുകളിൽ എഴുതപ്പെട്ടിട്ടുള്ള പ്രവൃത്തികൾ മതത്തിന്റെയോ മറ്റേതെങ്കിലും വിഷയങ്ങളുടെയോ പേരിൽ രാജ്യത്തിന് അനുവദിച്ചുകൊടുക്കാൻ സാധിക്കില്ല. ഇവിടെ കുറ്റകരമാകുന്നത് ആത്മീയ അനുഷ്ഠാനമല്ല, മറിച്ച് അതിന്റെ മറവിൽ നടന്ന കുറ്റകൃത്യങ്ങളാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളും വൈകൃതങ്ങളായി മാറാതിരിക്കാൻ എല്ലാ മതവിഭാഗങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. മിക്കതും പൗരോഹിത്യ നിർമിതിയാണ്. അതാത് മത പ്രമാണങ്ങളുമായി അതിനു ബന്ധമില്ല എന്നതാണ് വാസ്തവം. എന്നാൽ വിശ്വാസത്തിന്റെ ഭാഗമായി നടക്കുന്ന ആത്മീയ അനുഷ്ഠാനങ്ങൾ പാടില്ലെന്ന് പറയാനോ അവ പാടെ നിരോധിക്കണമെന്ന് പറയാനോ ഭരണകൂടത്തിന് അവകാശമില്ല. അങ്ങനെയുള്ള ആത്മീയ കാര്യങ്ങൾക്കെതിരെ നിയമം നിർമിക്കണമെന്ന് ആവശ്യപ്പെടുന്നത് ബുദ്ധിശൂന്യവുമാണ്.

ഓരോ മതവിഭാഗങ്ങൾക്കും അവരവരുടെ വിശ്വാസം, ആചാരം, അനുഷ്ഠാനം തുടങ്ങിയവ പ്രധാനമാണ്. ഓരോ വിഭാഗത്തിന്റെയും ആചാരരീതികളിൽ അവരവരുടെ പ്രമാണങ്ങൾക്ക് നിരക്കാത്ത കാര്യങ്ങളുണ്ടാവുമ്പോൾ അവയെ തിരുത്താൻ അതാത് വിഭാഗങ്ങളിൽനിന്നു തന്നെ പരിഷ്‌കർത്താക്കൾ രംഗത്തുവരികയാണ് വേണ്ടത്. കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാ മതവിഭാഗങ്ങളിലും നവോത്ഥാന നായകരും സാമൂഹിക പരിഷ്‌കർത്താക്കളും വന്നിട്ടുണ്ട്. കേരളം ഇതര സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമായി മതസൗഹാർദത്തിനും സഹിഷ്ണുതക്കും മാതൃകയായതിന്റെ പിന്നിലുള്ളത് പരിഷ്‌കർത്താക്കളുടെ പ്രയത്‌നങ്ങളാണ്. വിവിധ മതസമൂഹങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്ന പരിഷ്‌കർത്താക്കൾ തമ്മിലും ബന്ധമുണ്ടായിരുന്നു.

മതത്തെയും ആത്മീയതയെയും ഉപയോഗിച്ചുകൊണ്ടുള്ള ചൂഷണങ്ങൾ ധാരാളമായി നടന്നുകൊണ്ടിരിക്കുന്നുണ്ട്. അതിൽ ഒരു മതവിഭാഗവും മുക്തമല്ല. ചൂഷണം, കേവലം ആചാരങ്ങളുടെയോ അനുഷ്ഠാനങ്ങളുടെയോ പേരിൽ മാത്രമല്ല. മതത്തെ സാമ്പത്തികോപാധിയായി കണ്ടുകൊണ്ടുള്ള ധാരാളം ചൂഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്.

## ഇസ്‌ലാമും ആത്മീയതയും

ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ആത്മീയത വളരെ ലളിതമാണ്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധമാണ് ആത്മീയതയുടെ നിദാനം. അതിന് സ്രഷ്ടാവ് പഠിപ്പിച്ചതല്ലാത്ത മറ്റു ചിട്ടവട്ടങ്ങളൊന്നും വേണ്ടതില്ല. സ്രഷ്ടാവിനും സൃഷ്ടിക്കുമിടയിൽ പണ്ഡിതന്മാരുടെയോ പുരോഹിതന്മാരുടെയോ സാന്നിധ്യം ആവശ്യമില്ല. അതുകൊണ്ടുതന്നെ ഇസ്‌ലാമിൽ ആത്മീയ കാര്യങ്ങൾ നിർവഹിക്കപ്പെടാൻ സാമ്പത്തികമായ ഇടപാടുകൾ ആവശ്യവുമില്ല. പ്രാചീന മതങ്ങളിൽ സംഭവിച്ച പോലെ ഇസ്‌ലാമും ഒരു സാമ്പ്രദായിക മതമായി മാറുകയും കപട ആത്മീയതകൾ ഇസ്‌ലാമിന്റെ പേരിലും രൂപപ്പെടുകയും ചെയ്തു. ഇതിനെക്കുറിച്ച് ക്വുർആൻ വിശ്വാസി സമൂഹത്തെ ഉണർത്തിയിട്ടുണ്ട്:

"സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് തടയുകയും ചെയ്യുന്നു..." (ക്വുർആൻ 9:34).

> **മതത്തെ ഉപജീവനമാർഗമായി സ്വീകരിക്കുമ്പോഴാണ് ഓരോ മതത്തിലും സന്യാസവും പൗരോഹിത്യവും വർധിക്കുന്നത്. ഭൂമിയിൽ പച്ചയായ മനുഷ്യനായി, സ്വന്തം അധ്വാനത്തിലൂടെ ഉപജീവനം തേടി ഭൂമിയിലെ ജീവിത കാലയളവിനെ അതിജീവിക്കാനുള്ള പ്രേരണയാണ് സ്രഷ്ടാവ് നൽകിയിട്ടുള്ളത്. മനുഷ്യരിൽ ഏറ്റവും ജീവിത വിശുദ്ധി നേടിയ പ്രവാചകന്മാർ ആരുംതന്നെ പുരോഹിതന്മാരോ സന്യാസിമാരോ ആയിരുന്നില്ല. അവരാരും ആത്മീയതയുടെ മറവിൽ പണം സമ്പാദിച്ചവരായിരുന്നില്ല. അവരെല്ലാവരും സ്വന്തം കൈകൾകൊണ്ട് അധ്വാനിച്ചായിരുന്നു ജീവിച്ചിരുന്നതെന്ന് മുഹമ്മദ് നബിﷺ വിവരിച്ചു തന്നിട്ടുണ്ട്. മതവും ആത്മീയതയും സ്വജീവിതത്തെ വിമലീകരിക്കാനും സ്രഷ്ടാവുമായി നിരന്തരമായി അടുക്കുവാനും മറ്റുള്ളവരെ അവനിലേക്കു പ്രേരിപ്പിക്കുവാനും ജനങ്ങൾക്ക് സേവനങ്ങൾ അർപ്പിക്കുവാനും അതുവഴി ഇഹപര വിജയം നേടിയെടുക്കുവാനുമുള്ള മാധ്യമങ്ങൾ മാത്രമാണ്.**




മാനവവിഭവശേഷിയും ധനവും സമ്പത്തുമെല്ലാം സമൂഹങ്ങളിലേക്ക് ഒഴുകിയെത്തേണ്ടതുണ്ട്. അതിന് തടസ്സമാകുന്നത് മതത്തെയും പൊതുകാര്യങ്ങളെയും നിയന്ത്രിച്ചുനിർത്തുന്ന പൗരോഹിത്യ, മുതലാളിത്ത കൂട്ടുകെട്ടുകളാണ്. അങ്ങനെയുള്ള മതിൽകെട്ടുകളെ തകർത്ത് മതത്തെ ചൂഷണമുക്തമാക്കി, അതിനെ സമൂഹത്തിന്റെ ക്രമപ്രവൃദ്ധമായ വികാസത്തിന്റെ ചാലകശക്തിയാക്കി മാറ്റാനാണ് സ്രഷ്ടാവ് ഉത്ബോധിപ്പിച്ചത്. മുകളിൽ കൊടുത്ത വചനത്തിന്റെ തുടർച്ചയായി ക്വുർആൻ പറഞ്ഞു:

“സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക. നരകാഗ്നിയിൽവെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും എന്നിട്ടതുകൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം അവരോട് പറയപ്പെടും: നിങ്ങൾ നിങ്ങൾക്കുവേണ്ടിത്തന്നെ നിക്ഷേപിച്ചുവെച്ചതാണിത്. അതിനാൽ നിങ്ങൾ നിക്ഷേപിച്ചുവെച്ചിരുന്നത് നിങ്ങൾ ആസ്വദിച്ചുകൊള്ളുക” (ക്വുർആൻ 9:34, 35).

ജനങ്ങളിലേക്കൊഴുകേണ്ട സമ്പത്തിനെ സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിച്ചുകൊണ്ടും നിക്ഷേപങ്ങളാക്കി സൂക്ഷിച്ചുവെച്ചുകൊണ്ടും തടിച്ചുകൊഴുക്കുന്ന ആത്മീയ വേഷമണിഞ്ഞ ചൂഷകരെ ക്വുർആൻ ശക്തമായി വിമർശിക്കുകയാണിവിടെ.

മതത്തെ ഉപജീവനമാർഗമായി സ്വീകരിക്കുമ്പോഴാണ് ഓരോ മതത്തിലും സന്യാസവും പൗരോഹിത്യവും വർധിക്കുന്നത്. ഭൂമിയിൽ പച്ചയായ മനുഷ്യനായി, സ്വന്തം അധ്വാനത്തിലൂടെ ഉപജീവനം തേടി ഭൂമിയിലെ ജീവിതകാലയളവിനെ അതിജീവിക്കാനുള്ള പ്രേരണയാണ് സ്രഷ്ടാവ് നൽകിയിട്ടുള്ളത്. മനുഷ്യരിൽ ഏറ്റവും ജീവിതവിശുദ്ധി നേടിയ പ്രവാചകന്മാർ ആരുംതന്നെ പുരോഹിതന്മാരോ സന്യാസിമാരോ ആയിരുന്നില്ല. അവരാരും ആത്മീയതയുടെ മറവിൽ പണം സമ്പാദിച്ചവരായിരുന്നില്ല. അവരെല്ലാവരും സ്വന്തം കൈകൾകൊണ്ട് അധ്വാനിച്ചായിരുന്നു ജീവിച്ചിരുന്നതെന്ന് മുഹമ്മദ് നബിﷺ വിവരിച്ചു തന്നിട്ടുണ്ട്. മതവും ആത്മീയതയും സ്വജീവിതത്തെ വിമലീകരിക്കാനും സ്രഷ്ടാവുമായി നിരന്തരമായി അടുക്കുവാനും മറ്റുള്ളവരെ അവനിലേക്കു പ്രേരിപ്പിക്കുവാനും ജനങ്ങൾക്ക് സേവനങ്ങൾ അർപ്പിക്കുവാനും അതുവഴി ഇഹപര വിജയം നേടിയെടുക്കുവാനുമുള്ള മാധ്യമങ്ങൾ മാത്രമാണ്.

### ആത്മീയ ചൂഷണം

മതപരമായ അനുഷ്ഠാനങ്ങളും ഉപദേശ, നിർദേശ പ്രക്രിയകളുമെല്ലാം സാമ്പത്തിക നേട്ടങ്ങൾക്കു വേണ്ടിയുള്ള ഉപകരണങ്ങളായി മാറിയ അവസ്ഥയാണുള്ളത്. വിവിധ മതവിഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന ഇത്തരത്തിലുള്ള സാമ്പത്തിക ചൂഷണങ്ങൾക്കെതിരെ ശബ്ദിക്കാതെ എല്ലാ വിഭാഗങ്ങളിലുമുള്ള പാണ്ഡിത്യവും പൗരോഹിത്യവും അവയ്ക്കുനേരെ കണ്ണടക്കുകയാണ് ചെയ്യുന്നത്.

പരിഷ്‌കൃത പൗരോഹിത്യങ്ങൾ പൊതുവിൽ ഇങ്ങനെയുള്ള 'ആത്മീയ ചൂഷണങ്ങൾ'ക്കെതിരെ മൗനം പാലിക്കുകയും ആത്മീയ ചൂഷണമെന്നാൽ കേവലം മന്ത്രവും ചികിത്സയും മാത്രമാണെന്ന അവസ്ഥയിലേക്ക് ചുരുക്കുകയും ചെയ്തിരിക്കുന്നു. മതത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങളും മത സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സംഭാവനകളുടെയും പിരിവുകളുടെയും പേരിൽ നടക്കുന്ന സാമ്പത്തിക തട്ടിപ്പുകളും ശ്രദ്ധിക്കാതെ പോവുകയും ചെയ്യുന്നു. അവിടങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന തിരിമറികളും അഡ്ജസ്റ്റുമെന്റുകളും ഗൗനിക്കാതെ വിടുകയും ചെയ്യുന്നു. സ്വന്തം ആവശ്യങ്ങൾക്കും ബിസിനസിന്റെ വളർച്ചക്കും മറ്റുമായി മതസ്ഥാപനങ്ങളുടെ പണം ഉപയോഗിക്കുന്ന രീതി ഒരു 'ഹലാൽ' ഇടപാടായിട്ട് പോലും ആളുകൾ കണ്ടുതുടങ്ങിയിരിക്കുന്നു. അത്തരം ചൂഷണങ്ങൾക്ക് അനുകൂലമായ മതവിധികൾ അവർ സമ്പാദിക്കുകയും ചെയ്യുന്നു എന്നത് വിഷയത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു.

### ചികിത്സാരംഗത്തെ ചൂഷണം

അസുഖം വന്നാൽ ചികിൽസിക്കുവാനുള്ള നിർദേശം ഇസ്‌ലാം നൽകിയിട്ടുണ്ട്. 'നിങ്ങൾ ഹലാൽ കൊണ്ടു ചികിൽസിക്കുക; ഹറാമു കൊണ്ടു ചികിൽസിക്കാതിരിക്കുക' എന്ന പ്രവാചകവചനം വളരെ പ്രസിദ്ധമാണ്. നമ്മുടെ നാടുകളിൽ വിവിധതരത്തിലുള്ള ചികിത്സാരീതികളുണ്ട്. എല്ലാ ചികിത്സാരീതികളുടെയും ഫലം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല എങ്കിലും അനുഭവങ്ങളിലൂടെ സാധാരണക്കാർ അവയുടെ ഫലം തിരിച്ചറിയുന്നു. ചികിത്സാരീതികളിൽ നിഷിദ്ധമായ രൂപങ്ങളോ വസ്തുക്കളോ ഇല്ലാത്തതുകൊണ്ടുതന്നെ അനിവാര്യമെങ്കിൽ അവ ഉപയോഗപ്പെടുത്തണം. പക്ഷേ, ചികിത്സാരംഗം ഇന്ന് ചൂഷണത്തിന്റെ ഏറ്റവും വലിയ കേന്ദ്രമായി മാറിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്തെ ചൂഷണത്തിന്റെ ഇരകളാണ് ഇന്ന് വൈദ്യരംഗത്തെ ധാരാളം ഭിഷഗ്വരന്മാർ. സ്വാഭാവികമായും മുടക്കിയ പണം തിരിച്ചുപിടിക്കുന്നതിനു വേണ്ടി 'മാറാത്ത അസുഖത്തിന് കിട്ടാത്ത മരുന്നുകൾ' നിർദേശിക്കുകയും അനാവശ്യമായ പരിശോധനകളും ടെസ്റ്റുകളും നടത്തുകയും ഭീമമായ കൂലി രോഗികളിൽനിന്നും ഈടാക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം സർവസാധാരണമാണ്. ഇവിടങ്ങളിൽ നടക്കുന്ന ചികിത്സാ ചൂഷണങ്ങൾക്കെതിരെ ബോധവൽക്കരിക്കാനോ ശബ്ദിക്കുവാനോ അതിനെതിരെ നിയമങ്ങൾ ശക്തമാക്കണമെന്നു പറയാനോ ആരും തയ്യാറല്ല.

മതത്തെ ചികിത്സക്കുള്ള മറയായി സ്വീകരിച്ച് പണംതട്ടുന്ന ഒട്ടേറെ സംഘങ്ങളും വ്യക്തികളും നമ്മുടെ നാട്ടിലുണ്ട്. 'ആത്മീയ ചികിത്സാ കേന്ദ്രങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്ന ഇത്തരം സംവിധാനങ്ങൾ മതത്തിനും സമുദായത്തിനും വലിയ ചീത്തപ്പേരാണ് നൽകിക്കൊണ്ടിരിക്കുന്നത്. മതത്തെ കുറിച്ചുള്ള അറിവില്ലായ്മയാണ് സാധാരണക്കാർ ഇത്തരം കെണികളിൽ വീണുപോകുവാൻ കാരണമാകുന്നത്. ഒരാൾ രോഗിയായ മറ്റൊരാൾക്കുവേണ്ടി പ്രവാചകൻﷺ പഠിപ്പിച്ച വാചകങ്ങളുപയോഗിച്ച് പ്രാർഥിക്കുന്നതും അതിനുവേണ്ടി അദ്ദേഹം നിർദേശിച്ച മാർഗങ്ങൾ സ്വീകരിക്കുന്നതും പുണ്യമാണ്. എന്നാൽ അതിനെ സ്ഥിരം വരുമാനമായും ധന സമാഹരണത്തിനുള്ള മാർഗമായും അവലംബിക്കുന്നത് ഇസ്‌ലാമിൽ അറിയപ്പെട്ട സമ്പ്രദായമല്ല. ഇത്തരം സമ്പ്രദായങ്ങളാണ് പിന്നീട് വലിയ ചൂഷണങ്ങളായി മാറുന്നത്. ഇങ്ങനെയുള്ള ചൂഷണങ്ങൾ അവസാനിപ്പിക്കാൻ ശക്തമായ ബോധവൽക്കരണമാണ് അനിവാര്യമായിട്ടുള്ളത്.

**മതത്തെ ചികിത്സക്കുള്ള മറയായി സ്വീകരിച്ച് പണംതട്ടുന്ന ഒട്ടേറെ സംഘങ്ങളും വ്യക്തികളും നമ്മുടെ നാട്ടിലുണ്ട്. 'ആത്മീയ ചികിത്സാ കേന്ദ്രങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്ന ഇത്തരം സംവിധാനങ്ങൾ മതത്തിനും സമുദായത്തിനും വലിയ ചീത്തപ്പേരാണ് നൽകിക്കൊണ്ടിരിക്കുന്നത്. മതത്തെ കുറിച്ചുള്ള അറിവില്ലായ്മയാണ് സാധാരണക്കാർ ഇത്തരം കെണികളിൽ വീണുപോകുവാൻ കാരണമാകുന്നത്. ഒരാൾ രോഗിയായ മറ്റൊരാൾക്കുവേണ്ടി പ്രവാചകൻﷺ പഠിപ്പിച്ച വാചകങ്ങളുപയോഗിച്ച് പ്രാർഥിക്കുന്നതും അതിനുവേണ്ടി അദ്ദേഹം നിർദേശിച്ച മാർഗങ്ങൾ സ്വീകരിക്കുന്നതും പുണ്യമാണ്. എന്നാൽ അതിനെ സ്ഥിരം വരുമാനമായും ധന സമാഹരണത്തിനുള്ള മാർഗമായും അവലംബിക്കുന്നത് ഇസ്‌ലാമിൽ അറിയപ്പെട്ട സമ്പ്രദായമല്ല. ഇത്തരം സമ്പ്രദായങ്ങളാണ് പിന്നീട് വലിയ ചൂഷണങ്ങളായി മാറുന്നത്. ഇങ്ങനെയുള്ള ചൂഷണങ്ങൾ അവസാനിപ്പിക്കാൻ ശക്തമായ ബോധവൽക്കരണമാണ് അനിവാര്യമായിട്ടുള്ളത്.**



## സാമൂഹിക തിന്മ

ചൂഷണം; ആത്മീയമാവട്ടെ, ഭൗതികമാവട്ടെ അതൊരു സാമൂഹിക തിന്മയാണ്. അവയെ നിയമങ്ങൾ കൊണ്ടു മാത്രം നേരിടാൻ സാധിക്കുകയില്ല. സ്രഷ്ടാവിനെ കുറിച്ചുള്ള ബോധവും അവന്റെ നിയമങ്ങൾ പാലിക്കുമ്പോളും മാത്രമാണ് സുസ്ഥിതിയുണ്ടാവുക എന്ന തിരിച്ചറിവും മനുഷ്യർക്ക് പകർന്നു കൊടുക്കുകയും മരണശേഷമുള്ള രക്ഷാശിക്ഷകളെ കുറിച്ച് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുക മാത്രമാണ് ആത്യന്തികമായ പരിഹാരം. മുഹമ്മദ് നബിﷺയുടെ ആദ്യകാല പ്രബോധനത്തെ കുറിച്ച് ആഇശ رضي الله عنها പറയുന്നത് വളരെ പ്രസക്തമാണ്. മദ്യപിക്കരുത്, വ്യഭിചരിക്കരുത് തുടങ്ങിയ നിരോധനങ്ങളാണ് പ്രവാചകത്വത്തിന്റെ ആദ്യകാലങ്ങളിൽ അവതരിക്കപ്പെട്ടിരുന്നതെങ്കിൽ ഒരാളും അത് അംഗീകരിക്കുമായിരുന്നില്ല. എന്നാൽ ആപൽക്കരവും കയ്പേറിയതുമായ അന്ത്യനാളിനെ കുറിച്ചും സ്വർഗ, നരകങ്ങളെ കുറിച്ചുമുള്ള ബോധവൽക്കരണമാണ് ആദ്യകാലങ്ങളിൽ നബിﷺ നിർവഹിച്ചിരുന്നത്. ഹലാൽ, ഹറാം നിയമങ്ങൾ പിന്നീട് മദീനയിൽ വെച്ചാണ് അവതരിപ്പിക്കപ്പെട്ടത് എന്നാണ് ആഇശ رضي الله عنها പറഞ്ഞത്. (ബുഖാരി 4993).

## പരിഹാര മാർഗങ്ങൾ

ചൂഷണങ്ങളുടെ പിന്നിൽ സാമ്പത്തിക താൽപര്യങ്ങളാണ് പ്രധാനമായും ഉള്ളതെന്ന് നടേ സൂചിപ്പിച്ചുവല്ലോ. അതുകൊണ്ടുതന്നെ സാമ്പത്തിക വിഷമതകൾ ഇല്ലാതാക്കാനുള്ള പദ്ധതികളാണ് ചൂഷണങ്ങളെ അവസാനിപ്പിക്കാനുള്ള പരിഹാരമാർഗങ്ങളിൽ പ്രധാനം. അതുകൊണ്ടാണ് പലിശപോലുള്ള ചൂഷണവ്യവസ്ഥിതികളെ ഇല്ലാതാക്കാൻ ഇസ്‌ലാം ദാനധർമ്മങ്ങൾക്ക് മുൻഗണന നൽകിയത്; മറ്റുള്ളവരുടെ പ്രയാസങ്ങളും വിഷമങ്ങളും സ്വയം ഏറ്റെടുത്ത് പ്രവർത്തിക്കാൻ വിശ്വാസികളോട് ആഹ്വാനം ചെയ്തത്.

അബൂ സഈദിൽ ഖുദ്‌രി رضي الله عنه പറയുന്നു: "ഞങ്ങൾ നബിﷺയോടൊന്നിച്ച് ഒരു യാത്രയിലായിരിക്കെ, ഒരാൾ വാഹനപ്പുറത്ത് വന്നുകൊണ്ട് വലവും ഇടവും സൂക്ഷിച്ചുനോക്കി. അപ്പോൾ നബിﷺ പറഞ്ഞു: 'ആർക്കെങ്കിലും അധികം വാഹനമുണ്ടെങ്കിൽ വാഹനമില്ലാത്ത ആൾക്ക് നൽകട്ടെ. ആരുടെ പക്കലെങ്കിലും ഭക്ഷ്യവസ്തുക്കൾ അധികമുണ്ടെങ്കിൽ അയാൾ അതില്ലാത്തവർക്ക് കൊടുക്കട്ടെ.' അങ്ങനെ നബിﷺ സമ്പത്തുക്കളിലെ വിവിധ ഇനങ്ങളെ സംബന്ധിച്ച് സംസാരിച്ചു. ഞങ്ങളുടെ സ്വത്തിൽ മിച്ചം വരുന്ന ഒന്നിലും ഞങ്ങൾക്ക് അവകാശമില്ലേ എന്നു ഞങ്ങൾക്ക് തോന്നിപ്പോയി" (മുസ്‌ലിം 1728).

## മതസ്വാതന്ത്ര്യം നഷ്ടപ്പെടുത്തരുത്

നമ്മുടേത് ഒരു മതനിരപേക്ഷ രാജ്യമാണ്. ഓരോ മതവിഭാഗവും അനുഭവിക്കുന്നത് ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യവും അവകാശവുമാണ്. അതുകൊണ്ടുതന്നെ മതവിഭാഗങ്ങൾ അവർ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്തുന്ന രൂപത്തിലുള്ള പ്രവർത്തനങ്ങളും പ്രസ്താവനകളും നടത്തുന്നത് സൂക്ഷിക്കണം. ഓരോ മതവിഭാഗത്തിനും അവരുടെ ആത്മീയമായ കാര്യങ്ങൾ വിലപ്പെട്ടതാണ്. അവ നിയമംകൊണ്ട് നിരോധിക്കുവാനോ നിയന്ത്രിക്കുവാനോ ആവശ്യപ്പെടുന്നത് ഗുരുതര ഭവിഷ്യത്തിലേക്ക് നയിക്കും. പകരം ഓരോ വിഭാഗവും അവരുടേതായ തലങ്ങളിൽ നിന്നുകൊണ്ട് ചൂഷണ മുക്ത സമൂഹത്തിനായുള്ള ബോധവത്ക്കരണവും പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയാണ് വേണ്ടത്. അതോടൊപ്പം ദാനധർമങ്ങളും സഹായങ്ങളും വർധിപ്പിച്ചുകൊണ്ട് ചൂഷണങ്ങളുടെ അടിവേരറുക്കുവാൻ പരസ്പരം കൈകോർക്കുകയും ചെയ്യുക.

ക്വുർആൻ ദർശനം

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 56, ഭാഗം 2

# അൽവാഖിഅ (സംഭവം)

(മക്കയിൽ അവതരിച്ചത്)

17. നിത്യജീവിതം നൽകപ്പെട്ട ബാലൻമാർ അവരുടെ ഇടയിൽ ചുറ്റിനടക്കും.
18. കോപ്പകളും കൂജകളും ശുദ്ധമായ ഉറവുജലം നിറച്ച പാനപാത്രവും കൊണ്ട്.
19. അതു (കുടിക്കുക) മൂലം അവർക്ക് തലവേദനയുണ്ടാവുകയോ, ലഹരി ബാധിക്കുകയോ ഇല്ല.
20. അവർ ഇഷ്ടപ്പെട്ടു തെരഞ്ഞെടുക്കുന്ന തരത്തിൽ പെട്ട പഴവർഗങ്ങളും.
21. അവർ കൊതിക്കുന്ന തരത്തിൽ പെട്ട പക്ഷിമാംസവും കൊണ്ട് (അവർ ചുറ്റി നടക്കും).
22. വിശാലമായ നയനങ്ങളുള്ള വെളുത്ത തരുണികളും (അവർക്കുണ്ട്.)
23. (ചിപ്പികളിൽ) ഒളിച്ചുവെക്കപ്പെട്ട മുത്തുപോലെയുള്ളവർ,
24. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനുള്ള പ്രതിഫലമായികൊണ്ടാണ് (അതെല്ലാം നൽകപ്പെടുന്നത്)
25. അനാവശ്യവാക്കോ കുറ്റപ്പെടുത്തലോ അവർ അവിടെ വെച്ച് കേൾക്കുകയില്ല.
26. സമാധാനം, സമാധാനം എന്നുള്ള വാക്കല്ലാതെ.

يَطُوفُ عَلَيْهِمْ وِلْدَانٌ مُّخَلَّدُونَ ﴿١٧﴾
بِأَكْوَابٍ وَأَبَارِيقَ وَكَأْسٍ مِّن مَّعِينٍ ﴿١٨﴾
لَّا يُصَدَّعُونَ عَنْهَا وَلَا يُنزِفُونَ ﴿١٩﴾
وَفَاكِهَةٍ مِّمَّا يَتَخَيَّرُونَ ﴿٢٠﴾
وَلَحْمِ طَيْرٍ مِّمَّا يَشْتَهُونَ ﴿٢١﴾
وَحُورٌ عِينٌ ﴿٢٢﴾
كَأَمْثَالِ اللُّؤْلُؤِ الْمَكْنُونِ ﴿٢٣﴾
جَزَاءً بِمَا كَانُوا يَعْمَلُونَ ﴿٢٤﴾
لَا يَسْمَعُونَ فِيهَا لَغْوًا وَلَا تَأْثِيمًا ﴿٢٥﴾
إِلَّا قِيلًا سَلَامًا سَلَامًا ﴿٢٦﴾

17-19). (നിത്യജീവിതം നൽകപ്പെട്ട ബാലന്മാർ അവരുടെ ഇടയിൽ ചുറ്റിനടക്കും) വളരെയധികം ഭംഗിയും സൗന്ദര്യവുമുള്ള ബാലന്മാർ സ്വർഗക്കാരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും സേവനം ചെയ്യാനുമായി അവരുടെ ഇടയിൽ ചുറ്റിനടക്കും.

كَأَنَّهُمْ لُؤْلُؤٌ مَّكْنُونٌ ﴿٢٤﴾

"അവർ സൂക്ഷിച്ചുവെക്കപ്പെട്ട മുത്തുകൾ പോലെയായിരിക്കും" (52:24).

ഒന്നിനും മാറ്റംവരുത്താൻ പറ്റാത്തവിധം മറച്ചുവെക്കപ്പെട്ടത്, എന്നെന്നും അവശേഷിക്കുന്ന സൃഷ്ടിപ്പ്. പ്രായം വർധിച്ചാലും മാറ്റം സംഭവിക്കാത്ത, വാർധക്യം വരാത്തവർ, പാനപാത്രങ്ങളുമായി അവർക്കിടയിൽ ചുറ്റിനടക്കും. (കോപ്പകളും) പുറത്തേക്കൊഴുക്കാൻ കുഴലുകളില്ലാത്ത പാത്രം. (കൂജകളും) കുഴലുകളുള്ള പാത്രങ്ങൾ (ശുദ്ധമായ ഉറവജലം നിറച്ച പാനപാത്രവും കൊണ്ട്). യാതൊരു അപകടവും വരുത്താത്ത മദ്യത്തിന്റെ രുചിയേറിയ പാനീയം. (അതുമൂലം അവർക്ക് തലവേദനയുണ്ടാവുകയില്ല) ഇവിടത്തെ മദ്യം കുടിക്കുമ്പോൾ കുടിക്കുന്നവനുണ്ടാകുന്ന തലവേദന അവിടെയില്ല. മാത്രവുമല്ല (ലഹരിബാധിക്കുകയേ ഇല്ല). അവരുടെ ബുദ്ധിക്ക് തകരാർ സംഭവിക്കുകയോ വിവേകം നഷ്ടപ്പെടുകയോ ചെയ്യില്ല; ഇവിടെയുണ്ടാകുന്നത് പോലെ. ചുരുക്കിപ്പറഞ്ഞാൽ ഇഹലോകത്ത് കാണുന്ന സുഖങ്ങളെക്കാൾ സ്വർഗത്തിൽ കാണും. എന്നുമാത്രമല്ല അത് യാതൊരു അപകടവും വരുത്തുകയുമില്ല.

فِيهَآ أَنْهَٰرٌ مِّن مَّآءٍ غَيْرِ ءَاسِنٍ وَأَنْهَٰرٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُۥ وَأَنْهَٰرٌ مِّنْ خَمْرٍ لَّذَّةٍ لِّلشَّٰرِبِينَ وَأَنْهَٰرٌ مِّنْ عَسَلٍ مُّصَفًّى ۖ وَلَهُمْ فِيهَا مِن كُلِّ ٱلثَّمَرَٰتِ وَمَغْفِرَةٌ مِّن رَّبِّهِمْ ۖ كَمَنْ هُوَ خَٰلِدٌ فِى ٱلنَّارِ وَسُقُوا۟ مَآءً حَمِيمًا فَقَطَّعَ أَمْعَآءَهُمْ

"അതിൽ പകർച്ച വരാത്ത വെള്ളത്തിന്റെ അരുവികളുണ്ട്. രുചിഭേദം വരാത്ത പാലിന്റെ അരുവികളും. കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ അരുവികളും ശുദ്ധീകരിക്കപ്പെട്ട തേനിന്റെ അരുവികളുമുണ്ട്. അവർക്കതിൽ എല്ലാതരം കായ്കനികളുമുണ്ട്. തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവുമുണ്ട്. (ഈ സ്വർഗവാസികളുടെ അവസ്ഥ) നരകത്തിൽ നിത്യവാസിയായിട്ടുള്ളവനെപ്പോലെ ആയിരിക്കുമോ? അത്തരക്കാർക്കാകട്ടെ കൊടുംചൂടുള്ള വെള്ളമായിരിക്കും കുടിക്കാൻ നൽകപ്പെടുക. അങ്ങനെ അത് അവരുടെ കുടലുകളെ ഛിന്നഭിന്നമാക്കിക്കളയും" (47:15).

സ്വർഗത്തിലെ മദ്യത്തെ കുറിച്ചാണിവിടെ പറഞ്ഞത്. ഇഹലോകത്തിലെ മദ്യത്തിന്റെ യാതൊരു അപകടവും അതിനില്ല.

20). (അവർ ഇഷ്ടപ്പെട്ടു തെരഞ്ഞെടുക്കുന്ന തരത്തിൽപെട്ട പഴവർഗങ്ങളും) അവരുടെ കണ്ണിൽ മനോഹരമായതും കൊതിപ്പിക്കുന്നതുമായ വിവിധ പഴങ്ങളിൽനിന്നും അവരുടെ മനസ്സാഗ്രഹിക്കുന്നതും ഏറ്റവും നല്ല ഭംഗിയിലും പൂർണതയിലും രുചികരമായതുമായ ഫലങ്ങളും അവർക്ക് ലഭിക്കും.

21). (അവർ കൊതിക്കുന്ന തരത്തിൽ പെട്ട പക്ഷി മാംസവും കൊണ്ട്) അവരിഷ്ടപ്പെടുന്ന എല്ലാത്തരം പക്ഷികളുടെ മാംസവും. ഏതുതരം മാംസം അവർ ആഗ്രഹിച്ചാലും ലഭിക്കും. അത് പൊരിച്ചതായിട്ടോ പാചകം ചെയ്തതായിട്ടോ എങ്ങനെ വേണമെങ്കിലും ലഭിക്കും.

22,23). (വിശാലമായ നയനങ്ങളുള്ള വെളുത്ത തരുണികളും) എന്നു പറഞ്ഞാൽ കണ്ണിൽ സുറുമയും ഭംഗിയും പ്രശോഭയുമുള്ള സുന്ദരിയാണ്. എന്നത് കണ്ണിന്റെ സൗന്ദര്യവും അതിന്റെ വലുപ്പവുമാണ്. ഒരു പെണ്ണിന്റെ കണ്ണിന്റെ ഭംഗിയാണ് അവളുടെ സൗന്ദര്യത്തിന്റെയും ഭംഗിയുടെയും ഏറ്റവും നല്ല തെളിവ്. (ചിപ്പികളിൽ ഒളിച്ചുവെക്കപ്പെട്ട മുത്ത് പോലെയുള്ള) മണ്ണിൽനിന്നും കാറ്റിൽനിന്നും സൂര്യനിൽനിന്നും മറച്ചുവെക്കപ്പെട്ട ശോഭയുള്ള തെളിഞ്ഞ പുതിയമുത്ത്. ഒരു മുത്തിന്റെ നിറം മനോഹരമാണ്. ഒരു നിലയ്ക്കും ഒരു ന്യൂനതയും അതിനില്ല. അപ്രകാരമാണ് ആ വിശാലമായ നയനങ്ങളുള്ള വെളുത്ത തരുണികൾ. ഒരു നിലയ്ക്കും അവർക്ക് ന്യൂനതകളില്ല. തികഞ്ഞ പ്രത്യേകതകളും സൗന്ദര്യഗുണങ്ങളും ഉള്ളവർ. അവരെക്കുറിച്ച് ചിന്തിക്കുന്നവർക്കെല്ലാം ഹൃദയത്തിന് സന്തോഷവും കാഴ്ചയിൽ മനോഹാരിതയുമല്ലാതെ മറ്റൊന്നും അനുഭവപ്പെടുകയില്ല.

24). ഈ അനുഗ്രഹങ്ങൾ അവർക്ക് തയ്യാറാക്കപ്പെട്ടത് (അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ടാണ്). അവരുടെ പ്രവർത്തനങ്ങൾ നന്നായതുപോലെ അവർക്കുള്ള പ്രതിഫലവും അല്ലാഹു നല്ലതാക്കി. വിജയവും സുഖാനുഗ്രഹവും അവർക്കവൻ പൂർത്തീകരിച്ചുകൊടുത്തു.

25,26). (അനാവശ്യ വാക്കോ കുറ്റപ്പെടുത്തലോ അവർ അവിടെവെച്ച് കേൾക്കുകയില്ല) അനാവശ്യമായ ഒരു വാക്ക് സുഖാനുഗ്രഹത്തിന്റെ സ്വർഗത്തിൽ അവർ കേൾക്കുകയില്ല; പ്രയോജനമില്ലാത്തതോ സംസാരിക്കുന്നവന് കുറ്റകരമായിത്തീരുകയോ ചെയ്യുന്ന സംസാരം. (സമാധാനം, സമാധാനം എന്നുള്ള വാക്കല്ലാതെ) അതായത്, നല്ല വാക്കു മാത്രം. കാരണം അത് നല്ലവരുടെ വീടാണ്. അവിടെ നല്ലതല്ലാത്ത മറ്റൊന്നുമില്ല. പരസ്പരമുള്ള സംസാരങ്ങളിൽ സ്വർഗക്കാരുടെ നല്ല പെരുമാറ്റ മര്യാദകളെ ഈ വചനം അറിയിക്കുന്നു. അനാവശ്യങ്ങളോ കുറ്റങ്ങളോ ഒട്ടുമില്ലാത്ത, ഹൃദയത്തിന് സന്തോഷം നൽകുന്ന നല്ല വാക്ക്. അല്ലാഹു അവന്റെ അനുഗ്രഹം നമുക്കും പ്രദാനം ചെയ്യട്ടെ.



ശബീബ് സ്വലാഹി തിരൂരങ്ങാടി
ktmstgi@gmail.com

ലേഖനം

# ഇസ്‌ലാം, സ്ത്രീ അനന്തരാവകാശം

2

**മാ**താവൊത്ത സഹോദര സഹോദരിമാർ ആൺ പെൺ വ്യത്യാസമില്ലാതെ തുല്യമായി അനന്തരമെടുക്കുന്ന രൂപം കഴിഞ്ഞ ലക്കത്തിൽ നാം മനസ്സിലാക്കി. ഇനി രണ്ടാമത്തെ രൂപം പരിചയപ്പെടാം:

<table>
<tr><th>അവകാശികൾ</th><th>അവകാശം</th><th>6</th><th>6</th></tr>
<tr><td>ഭർത്താവ്</td><td>½</td><td>3</td><td>3</td></tr>
<tr><td>മാതാവ്</td><td>⅙</td><td>1</td><td>1</td></tr>
<tr><td>മാതാവൊത്ത സഹോദരൻ</td><td rowspan="2">⅓</td><td rowspan="2">2</td><td>1</td></tr>
<tr><td>മാതാവൊത്ത സഹോദരി</td><td>1</td></tr>
</table>

നോക്കൂ, സഹോദരിയും സഹോദരനും ഒന്നിച്ചു വന്നപ്പോഴും അവർക്കിടയിൽ ആൺ, പെൺ വ്യത്യാസമില്ലാതെ അനന്തരസ്വത്ത് ഭാഗംവെക്കപ്പെടും.

മാതാവൊത്ത സഹോദര, സഹോദരിമാരുടെ അവകാശത്തിൽ മാതാവും പിതാവുമൊത്ത സഹോദരങ്ങൾ യാതൊരു വ്യത്യാസവുമില്ലാതെ അനന്തരമെടുക്കുന്ന അവസ്ഥയും ഉണ്ട്. നമുക്ക് പരിചയപ്പെടാം:

മരിച്ച വ്യക്തിക്ക് അവകാശികളായുള്ളത് ഭർത്താവും മാതാവും മാതാവൊത്ത രണ്ടോ അതിലധികമോ സഹോദരിമാരും മാതാവും പിതാവുമൊത്ത ഒരു സഹോദരനുമാണെന്ന് കരുതുക. എങ്കിൽ ഭർത്താവിന് സ്വത്തിന്റെ പകുതി, മാതാവിന് ആറിൽ ഒന്ന്, മാതാവൊത്ത സഹോദരിമാർക്ക് മൂന്നിലൊന്ന്, മാതാവും പിതാവുമൊത്ത സഹോദരന് ബാക്കിയുള്ളത് എന്നിങ്ങനെയാണ് നൽകേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ സ്വത്തിനെ ആറ് ഓഹരിയാക്കി ഭർത്താവിന് മൂന്ന് ഓഹരിയും മാതാവിന് ഒരു ഓഹരിയും മാതാവൊത്ത സഹോദരിമാർക്ക് രണ്ട് ഓഹരിയും നൽകും. ഇവിടെ മാതാവും പിതാവുമൊത്ത സഹോദരന് അവകാശമായി ഒന്നും ലഭിക്കാതെ വരുന്നു. വിമർശകർ പറയുന്നതുപോലെയാണ് കാര്യമെങ്കിൽ സഹോദരൻമാർക്ക് ഇരട്ടിയും സഹോദരിമാർക്ക് പകുതിയുമാണ് നൽകേണ്ടിയിരുന്നത്.

| അവകാശികൾ | അവകാശം | 6 |
|---|---|---|
| ഭർത്താവ് | ½ | 3 |
| മാതാവ് | ⅙ | 1 |
| മാതാവൊത്ത സഹോദരിമാർ 2+ | ⅓ | 2 |
| മാതാവും പിതാവുമൊത്ത സഹോദരൻ | ബാക്കി | 0 |

മൊത്തത്തിൽ സഹോദരന്മാരുടെ ഗണത്തിൽ പെടുത്തി നൽകുന്ന രൂപംകൂടി മനസ്സിലാക്കാം:

<table>
<tr><th>അവകാശികൾ</th><th>അവകാശം</th><th>6</th><th>18</th></tr>
<tr><td>ഭർത്താവ്</td><td>½</td><td>3</td><td>9</td></tr>
<tr><td>മാതാവ്</td><td>⅙</td><td>1</td><td>3</td></tr>
<tr><td>മാതാവൊത്ത 2 സഹോദരിമാർ</td><td rowspan="2">⅓</td><td rowspan="2">2</td><td>4</td></tr>
<tr><td>മാതാവും പിതാവുമൊത്ത സഹോദരൻ</td><td>2</td></tr>
</table>

വിമർശകർ പറയുന്നതിൽ എത്രത്തോളം സത്യമുണ്ടെന്നത് ഇതിൽനിന്നുതന്നെ വ്യക്തമാണ്.

### അനന്തരാവകാശിയായി ഒരാൾ മാത്രമാകുന്ന അവസ്ഥ:

അവിടെയും ആൺ, പെൺ വ്യത്യാസമില്ല. സ്വത്ത് മുഴുവൻ ആ അനന്തരാവകാശിക്കായിരിക്കും.

അതിന് ഏതാനും ചില ഉദാഹരണങ്ങൾ കാണുക:

1. പരേതന് പിതാവ് മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ സ്വത്ത് മുഴുവൻ ശിഷ്ടമോഹരിയായി അദ്ദേഹത്തിന് ലഭിക്കും.

2. പരേതന് മാതാവ് മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ സ്വത്തിന്റെ മൂന്നിലൊന്ന് നിശ്ചിതോഹരിക്കാരിയായും ബാക്കി മൂന്നിലൊന്ന് മടക്കസ്വത്ത് (റദ്ദ്) ആയും (മുഴുവൻ സ്വത്തും) മാതാവിന് ലഭിക്കും.

3. പരേതന് ഒരു മകൻ മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ സ്വത്ത് മുഴുവൻ അവന് ശിഷ്ടമോഹരിയായി ലഭിക്കും.

4. പരേതന് ഒരു മകൾ മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ സ്വത്തിന്റെ പകുതി നിശ്ചിതോഹരിക്കാരിയായും ബാക്കി പകുതി മടക്കസ്വത്ത് (റദ്ദ്) ആയും (മുഴുവൻ സ്വത്തും) അവൾക്ക് ലഭിക്കും.

5. പരേതന് ഒരു സഹോദരൻ (മാതാവും പിതാവും ഒത്തതോ/പിതാവൊത്തതോ) മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ സ്വത്ത് മുഴുവൻ ശിഷ്ടമോഹരിയായി സഹോദരന് ലഭിക്കും.

6. പരേതന് ഒരു സഹോദരി (മാതാവും പിതാവും ഒത്തതോ/പിതാവൊത്തതോ) മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ സ്വത്തിന്റെ പകുതി നിശ്ചിതോഹരിക്കാരിയായും ബാക്കി പകുതി മടക്കസ്വത്ത് (റദ്ദ്) ആയും (മുഴുവൻ സ്വത്തും) സഹോദരിക്ക് ലഭിക്കും.

7. പരേതന് ഒരു പിതൃവ്യൻ (മാതാവും പിതാവും ഒത്തതോ/പിതാവൊത്തതോ) മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ സ്വത്ത് മുഴുവൻ ശിഷ്ടമോഹരിയായി അദ്ദേഹത്തിന് ലഭിക്കും.

8. പരേതന് ഒരു പിതൃവ്യ (മാതാവും പിതാവും ഒത്തതോ/പിതാവൊത്തതോ) മാത്രമാണ് ജീവിച്ചിരിക്കുന്നതെങ്കിൽ സ്വത്ത് മുഴുവൻ 'ബന്ധുക്കൾ' (ദവുൽഅർഹാം) എന്ന നിലയ്ക്ക് അവർക്ക് ലഭിക്കും.

ഇത്തരത്തിലുള്ള ധാരാളം അവസ്ഥകൾ ഇസ്‌ലാമിക അനന്തരവകാശ നിയമത്തിൽ കാണാൻ സാധിക്കും. മേൽപറഞ്ഞതിൽ പരിമിതപ്പെടുന്നില്ല എന്നതാണ് വാസ്തവം.

ഇതേ ഇനത്തിൽ പെടുന്ന മറ്റു ചില അവസ്ഥകൾ കൂടി പരിചയപ്പെടാം:

ഒരാൾക്ക് അനന്തരാവകാശികളായുള്ളത് ഭാര്യയും ആൺമക്കളുമാണെങ്കിൽ ഭാര്യക്ക് എട്ടിലൊന്നും ബാക്കി ആൺമക്കൾക്കുമായിരിക്കും. ആൺമക്കൾക്ക് പകരം പെൺമക്കൾ മാത്രമാണെങ്കിൽ പെൺമക്കൾക്ക് സ്വത്തിന്റെ മൂന്നിൽ രണ്ടും ബാക്കി മടക്കസ്വത്തായും (റദ്ദ്) ലഭിക്കും.

| അവകാശികൾ | അവകാശം | 24 |
|---|---|---|
| ഭാര്യ | ⅛ | 3 |
| പെണ്മക്കൾ | ⅔ +ബാക്കി | 16+5 |

| അവകാശികൾ | അവകാശം | 8 |
|---|---|---|
| ഭാര്യ | ⅛ | 1 |
| ആണ്മക്കൾ | ബാക്കി | 7 |

ഭാര്യക്ക് പകരം ഭർത്താവാണെങ്കിൽ ഭർത്താവിന് നാലിലൊന്നും ബാക്കി മുകളിൽ പറഞ്ഞതുപോലെയും ആയിരിക്കും.

| അവകാശികൾ | അവകാശം | 4 |
|---|---|---|
| ഭർത്താവ് | ¼ | 1 |
| ആണ്മക്കൾ | ബാക്കി | 3 |

| അവകാശികൾ | അവകാശം | 12 |
|---|---|---|
| ഭർത്താവ് | ¼ | 3 |
| പെണ്മക്കൾ | ⅔ +ബാക്കി | 8+1 |

ഇവിടെയും സ്വത്തിന്റെ ലഭ്യതയിൽ ആൺ, പെൺ വ്യത്യാസമില്ലാത്ത അവസ്ഥയാണുള്ളത്. ഇത്തരത്തിലുള്ള ഒരു ഉദാഹരണം കൂടി കാണാം:

| അവകാശികൾ | അവകാശം | 4 |
|---|---|---|
| ഭാര്യ | ¼ | 1 |
| സഹോദന്മാർ | ബാക്കി | 3 |

| അവകാശികൾ | അവകാശം | 12 |
|---|---|---|
| ഭർത്താവ് | ¼ | 3 |
| പെണ്മക്കൾ | ⅔ +ബാക്കി | 8+1 |

മുകളിൽ സൂചിപ്പിക്കപ്പെട്ടതുപോലെ ഇത്തരം അവസ്ഥകളും ഈ ഉദാഹരണങ്ങളിൽ പരിമിതപ്പെടുന്നതല്ല. ഇനി സഹോദര, സഹോദരിമാർക്കിടയിൽ ഒരുപോലെ സ്വത്ത് ലഭിക്കുന്ന മറ്റുചില അവസ്ഥകൾ കൂടി പരിചയപ്പെടാം:

| അവകാശികൾ | അവകാശം | 2 |
|---|---|---|
| ഭർത്താവ് | ½ | 1 |
| സഹോദരി | ½ | 1 |

| അവകാശികൾ | അവകാശം | 2 |
|---|---|---|
| ഭർത്താവ് | ½ | 1 |
| സഹോദരൻ | ബാക്കി | 1 |

മറ്റൊരു ഉദാഹരണം:

| അവകാശികൾ | അവകാശം | 4 |
|---|---|---|
| ഭർത്താവ് | ¼ | 1 |
| മകൾ | ½ | 2 |
| സഹോദരൻ | ബാക്കി | 1 |

| അവകാശികൾ | അവകാശം | 4 |
|---|---|---|
| ഭർത്താവ് | ¼ | 1 |
| മകൾ | ½ | 2 |
| സഹോദരി | ബാക്കി | 1 |

മാതാവൊത്ത സഹോദരിയും മാതാവും പിതാവുമൊത്ത സഹോദരനും സ്വത്ത് തുല്യമായെടുക്കുന്ന സന്ദർഭം കാണുക:


| അവകാശികൾ | അവകാശം | 6 |
|---|---|---|
| ഭർത്താവ് | ½ | 3 |
| മാതാവ് | ⅙ | 1 |
| മാതാവൊത്ത സഹോദരി | ⅙ | 1 |
| മാതാവും പിതാവുമൊത്ത സഹോദരൻ | ബാക്കി | 1 |

(അവസാനിച്ചില്ല)

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 21



# കുപ്രചാരണങ്ങൾ കൊണ്ട് കുപ്രസിദ്ധരായവർ

അഹ്ലുസ്സുന്നയുടെ മാർഗത്തോടു പുറംതിരിഞ്ഞുനിൽക്കുകയും അതേസമയം തങ്ങളാണ് യഥാർഥത്തിൽ അഹ്ലുസ്സുന്നയുടെ വക്താക്കൾ എന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യുക എന്നത് സമസ്ത പിന്തുടരുന്ന ഒരു രീതിയാണ്. അതിനായി അവർ ചെയ്യുന്നത് സലഫികളെ പിഴച്ചവരും പുത്തൻവാദികളുമാക്കി ചിത്രീകരിക്കലാണ്.

എന്നാൽ ഉത്തമതലമുറ എന്ന് പ്രവാചകൻﷺ ആരെയാണോ പരിചയപ്പെടുത്തിയത് അവരെ പിൻപറ്റിയാണ് സലഫികൾ ജീവിക്കുന്നത്. അവരുടെതല്ലാത്ത മാർഗം സ്വീകരിക്കുന്നവർ വഴിപിഴവിലാണ്.

1921ൽ രൂപീകരിക്കപ്പെട്ട ഐക്യസംഘവും 1924ൽ ആരംഭിച്ച കേരള ജംഇയ്യത്തുൽ ഉലമാഅ് അഹ്ലുസ്സുന്ന വൽജമാഅയും ഒന്നിച്ച് തുടങ്ങിയ മത, സാമൂഹിക, സംസ്കരണ പ്രവർത്തനങ്ങൾ തങ്ങളുടെ മതചൂഷണങ്ങൾക്ക് തടസ്സമാകുന്നത് സഹിക്കവയ്യാതെയാണ് ഒരുകൂട്ടം പണ്ഡിതപുരോഹിതർ 1926ൽ സമസ്ത ഉണ്ടാക്കിയത്. ശിയാ, ബറേൽവി ആശയങ്ങളുടെ ചുവടുപിടിച്ച് എല്ലാവിധ അന്ധവിശ്വാസങ്ങളുടെയും ഈറ്റില്ലവും പോറ്റില്ലവുമായി സമസ്ത മാറി.

പുത്തനാചരങ്ങളോട് മൃദുലസമീപനം സ്വീകരിക്കുന്ന ഇസ്തിരി ചുളിയാത്ത തബ്‌ലീഗ് ജമാഅത്തിനെ വിമർശിച്ച് കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ നൽകിയ അഭിമുഖത്തിൽ ഇങ്ങനെ കാണാം: 'ശൈഖ് ഹസൻ ഹസ്രത്തും മുസ്തഫാ ആലിം സാഹിബും മറ്റു ഉസ്താദുമാരും സുന്നി ആദർശമുള്ളവരായിരുന്നു. സലഫീ ആദർശങ്ങളോട് കടുത്ത വെറുപ്പു പുലർത്തുന്നവരും ക്ലാസ്സുകളിൽ അത് പഠിപ്പിക്കുകയും ചെയ്തിരുന്നു" (സുന്നിവോയ്സ്/2020 നവംബർ 16-30/പേജ് 16).

മതാധ്യാപനങ്ങളെ മാനിക്കാത്ത ഇത്തരം ആചാര്യന്മാരെ കാണിച്ച് ഇസ്‌ലാമിക വിശ്വാസത്തെ സത്യസന്ധമായി കൊണ്ടുനടക്കുന്നവരെപ്പറ്റി വെറുപ്പുപരത്തുന്നത് ശരിയല്ല. ഇസ്‌ലാമിന്റെ ആദർശം എന്താണോ അതാണ് സലഫീ ആദർശം. ഇസ്‌ലാമിൽ പൂർണമായും പ്രവേശിക്കൽ വിശ്വാസികളുടെ ബാധ്യതയാണ്. സലഫുകളെ പിന്തുടരുമ്പോഴേ അതിന് സാധിക്കുകയുള്ളൂ. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ പരിപൂർണമായി കീഴ്‌വണക്കത്തിൽ (ഇസ്‌ലാമിൽ) പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. തീർച്ചയായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു" (ക്വുർആൻ 2:208).

നേർമാർഗമെന്നാൽ സത്യസന്ധമായ വൃത്താന്തങ്ങളും ശരിയായ വിശ്വാസവും ഉപകാരപ്രദമായ അറിവും ഇഹപര ജീവിതങ്ങളിൽ പ്രയോജനപ്രദവും സ്വീകാര്യയോഗ്യമായ സൽകർമങ്ങളുമാണെന്ന് ഇബ്നു കഥീർ(റഹി) വ്യക്തമാക്കിയിട്ടുണ്ട്.

കാന്തപുരം പറയുന്നു: "ഇന്ത്യയിൽ സലഫി പ്രസ്ഥാനത്തിന്റെ തെറ്റായ വിശ്വാസങ്ങൾ ആദ്യമായി പ്രചരിപ്പിച്ചത് ഇസ്മാഈൽ ദഹ്‌ലവിയാണ്" (സുന്നിവോയ്സ്/2020 നവംബർ 16-30/പേജ് 17).

സലഫികളുടെ ഏതൊക്കെ വിശ്വാസങ്ങളിലാണ് ഇസ്‌ലാമിക പ്രമാണങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളുള്ളത് എന്ന് വ്യക്തമാക്കൽ ഈ ആരോപണമുന്നയിക്കുന്നവരുടെ കടമയാണ്. എന്നാൽ കാടടച്ച് വെടിവെക്കുകയല്ലാതെ പ്രമാണബദ്ധമായി അത് തെളിയിക്കുവാൻ ഇദ്ദേഹത്തിനോ മറ്റു വിമർശകർക്കോ കഴിഞ്ഞിട്ടില്ല; കഴിയുകയുമില്ല.

ദഹ്‌ലവിയെ സലഫികളുടെ നേതാവായി പരിചയപ്പെടുത്തുന്നത് സമസ്തയാണ്; അല്ലാതെ സലഫികളല്ല. ഇസ്മാഈൽ ദഹ്‌ലവി സ്വൂഫികളുമായും ബറേൽവികളുമായും ബന്ധമുള്ള വ്യക്തിയാണെന്ന യാഥാർഥ്യം മുസ്‌ലിയാർ മൂടിവെക്കുകയാണ്. നാല് മദ്ഹബുകളുടെ ഇമാമുമാരടക്കം അഹ്‌ലുസ്സുന്നക്ക് നേതൃത്വം നൽകിയ പണ്ഡിതന്മാർ പഠിപ്പിച്ച പ്രമാണ നിലപാടുകളെയാണ് സലഫികൾ സ്വീകരിക്കുന്നത്.

മുസ്‌ലിയാർ വീണ്ടും പറയുന്നു: "ലോകം മുഴുവൻ നാശംവിതച്ച സലഫിസത്തെ ഇന്ത്യയിൽ നട്ടുവളർത്തിയത് ഇസ്മാഈൽ ദഹ്‌ലവിയാണ്. പഴയ മുൻജിദിലും സലഫി പ്രസ്ഥാനത്തിന്റെ മുഴുവൻ ചരിത്ര ഗ്രന്ഥങ്ങളിലും ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്" (സുന്നിവോയ്സ്/2020 നവംബർ 16-30/പേജ് 18).

ഉത്തമതലമുറയെ പിൻപറ്റുന്നവരാണ് 'സലഫികൾ.' വ്യാജതെളിവുകളെയും കെട്ടുകഥകളെയും ആശ്രയിച്ച് കഴിയുന്നവരാണ് 'ഖുറാഫികൾ.'

സലഫികളുടെ ഏതൊക്കെ ചരിത്രഗ്രന്ഥങ്ങളിലാണ് ദഹ്‌ലവിയാണ് സലഫിസത്തെ ഇന്ത്യയിൽ നട്ടുവളർത്തിയതെന്ന് പറയുന്നത്? ആരോപണമുന്നയിക്കുന്നതിലുമില്ലേ ഒരു മാന്യത?

ആരുടെ മാർഗം പിൻപറ്റുവാനാണോ അല്ലാഹു കൽപിക്കുന്നത് അവരുടെ മാർഗമാണ് സലഫികൾ പിൻപറ്റുന്നത്. ആ മാർഗം അവഗണിക്കുന്നവരാണ് പുത്തൻവാദികളും വഴിപിഴച്ചവരും.

അല്ലാഹു പറയുന്നു: "തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (ക്വുർആൻ 4:115).

ഇബ്നു കഥീർ(റഹി) ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ പറഞ്ഞു: "നബി ﷺ കൊണ്ടുവന്ന മതനിയമങ്ങൾ സത്യമാണെന്ന വ്യക്തതയും ബോധ്യവും ഒരാൾക്ക് ഉണ്ടായതിനുശേഷം അതല്ലാത്ത മാർഗത്തിൽ അവൻ പ്രവേശിച്ചാൽ ശറഹ് (മതനിയമം) ഒരു ഭാഗത്തും അവൻ മറ്റൊരു ഭാഗത്തുമായി മാറും" (സൂറത്തുന്നിസാഅ്/115, തഫ്സീർ ഇബ്നു കഥീർ).

സലഫികളെ 'നാശം വിതച്ചവർ' എന്നാണ് മുസ്‌ലിയാർ വിശേഷിപ്പിച്ചിരിക്കുന്നത്. ക്വുർആനും നബിചര്യയുമാണ് സലഫികൾ പ്രചരിപ്പിച്ചിട്ടുള്ളത്. അത് നാശംവിതക്കലായി തോന്നുന്നവർ ഒരു പുനരാലോചന നടത്തുന്നത് നന്നായിരിക്കും.

വിശ്വാസി സമൂഹത്തിനെതിരെയും നല്ല വ്യക്തികൾക്കെതിരെയും ദുരാരോപണങ്ങൾ ഉന്നയിക്കുന്നവരും ദുഷ്പ്രചരണങ്ങൾ അഴിച്ചുവിടുന്നവരും എക്കാലത്തുമുണ്ടായിട്ടുണ്ട്. അത് കേൾക്കുമ്പോഴേക്കും അപ്പടി വിശ്വസിക്കുവാനല്ല വിശ്വാസികൾ തുനിയേണ്ടത്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, ഒരു അധർമ്മകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി" (49:6).

പരലോകം യാഥാർഥ്യമാണെന്നും അവിടെ വിചാരണക്ക് വിധേയമാകുമെന്നുമാണ് ഓർമപ്പെടുത്താനുള്ളത്.

മുസ്‌ലിയാർ പറയുന്നു: "അല്ലാമ അഹ്മദ് രിളാ ഖാൻ ബറേലവി ഇന്ത്യയിൽ തുല്യതയില്ലാത്ത മഹാപണ്ഡിതനാണ്. ആയിരക്കണക്കിന് രചനകളുള്ളവരാണ്. ഇന്ത്യയിൽ അഹ്‌ലുസ്സുന്നക്ക് അദ്ദേഹം സമർപ്പിച്ച സംഭാവനകൾ വളരെ വലുതാണ്. അദ്ദേഹത്തിന് മുമ്പോ ശേഷമോ അദ്ദേഹത്തെ പോലെ ഒരാളെ ഇന്ത്യൻ ചരിത്രത്തിൽ കാണാനാകില്ല. ഖാദിയാനിസം, ശീഇസം, സലഫിസം ഉൾപ്പെടെ മുഴുവൻ ബിദ്അത്തുകാർക്കെതിരെയും അദ്ദേഹം ഖണ്ഡനം നടത്തിയിട്ടുണ്ട്" (സുന്നിവോയ്സ്/2020 നവംബർ 16-30/പേജ് 21).

ശിയാക്കളുടെ പാത പിൻപറ്റി സ്വൂഫീആചാര്യനാവുകയും അന്ധവിശ്വാസങ്ങളുടെ മൊത്തക്കച്ചവടത്തിനായി 'ബറേൽവിസം' ഉണ്ടാക്കുകയും ചെയ്ത അഹ്മദ് രിളാഖാൻ ബറേലവി അഹ്‌ലുസ്സുന്ന വൽജമാഅയെ ആശയപരമായി തകർക്കാൻ ശ്രമിച്ചതിനെയാണോ മുസ്‌ലിയാർ 'സംഭവാന'യായി കാണുന്നത്? അന്ധവിശ്വാസങ്ങളെ സമൂഹത്തിലേക്ക് സന്നിവേശിപ്പിച്ചതിൽ ഒരുപക്ഷേ, ബറേലവിക്ക് തുല്യനായി ആരെയും കാണില്ല. നബിﷺയെ പ്രശംസിക്കാനെന്ന പേരിൽ ബറേലവി എഴുതിയ ഉറുദു കവിത(ലാക്കോ സലാം ബൈത്ത്) 'ഔദാര്യത്തിന്റെ ആരാമം' എന്ന പേരിൽ സമസ്തക്കാർ തന്നെ പുറത്തിറക്കിയിട്ടുണ്ട്. അതിൽ അടങ്ങിയിട്ടുള്ള ശുദ്ധ ശിർക്കിന് ഒരു ഉദാഹരണം കാണുക: "എന്റെ മേൽ വിധിക്കപ്പെട്ടിരുന്നത് വൈഷമ്യങ്ങളും പ്രയാസങ്ങളും നിറഞ്ഞ ജീവിതമാണെങ്കിൽ, അഥവാ ഞാൻ നരകാഗ്നിയിലാകുമെന്നാണ് എങ്കിൽ അത് മായ്ച്ചുകളഞ്ഞ് പകരം സജ്ജനങ്ങളുടെ പട്ടികയിൽ എന്നെ ഉൾപ്പെടുത്തണം നബിയേ! കാരണം തങ്ങളാണ് അല്ലാഹുവിന്റെ കോടതിയിലെ ജഡ്ജി. അല്ലെങ്കിൽ രാജാധിരാജന്റെ പ്രധാനമന്ത്രി. ചുരുക്കത്തിൽ തങ്ങളുദ്ദേശിക്കുകയാണെങ്കിൽ എന്നെ നല്ലവരുടെ കൂട്ടത്തിലുൾപെടുത്തുവാൻ യാതൊരു പ്രയാസവുമില്ല" (പേജ് 53).

"അല്ലാഹുവിന്റെ റസൂൽﷺ ഓരോ മുസൽമാന്റെയും കൂടെത്തന്നെയുണ്ട്. തങ്ങൾ എല്ലാവരുടെയും പ്രവർത്തനങ്ങൾ വ്യക്തമായി കാണുകയും അറിയുകയും ചെയ്തുകൊണ്ടിരിക്കുന്നു" (പേജ് 124).

നബിﷺ ജീവിച്ചിരുന്ന കാലത്തുപോലും എല്ലാവരുടെയും പ്രവർത്തനങ്ങൾ വ്യക്തമായി കാണുകയും അറിയുകയും ചെയ്തിരുന്നില്ല എന്നത് പകൽപോലെ വ്യക്തമാണ്. അത് അല്ലാഹുവിന്റെ മാത്രം കഴിവാണ്. ആ കഴിവാണ് നബിﷺയിൽ ചാർത്തുന്നത്. 'സജ്ജനങ്ങളിൽ ഉൾപ്പെടുത്തണം നബിയേ' എന്ന് നബിയോട് പ്രാർഥിക്കുന്നു. ഇതൊക്കെ തനിച്ച ശിർക്കാണെന്നതിൽ ഇസ്‌ലാമിനെ മനസ്സിലാക്കിയ ആർക്കും സംശയമുണ്ടാകില്ല.

ഇത്തരം ഒരു വ്യക്തിയെ അഹ്‌ലുസ്സുന്നയുടെ വേഷമണിയിച്ച് മുസ്‌ലിയാർ അവതരിപ്പിച്ചതിലെ ഉദ്ദേശ്യമെന്തെന്ന് ആർക്കും എളുപ്പത്തിൽ ബോധ്യമാകും.

ഇസ്‌ലാമിന്റെ വിശ്വാസമായി നബിﷺ പഠിപ്പിച്ചതിനെക്കുറിച്ച് ക്വുർആൻ ഉണർത്തുന്നു: "പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെ അധീനതയിലല്ല. പറയുക: അല്ലാഹുവി(ന്റെ ശിക്ഷയി)ൽനിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല; തീർച്ചയായും അവന്നു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല" (72:21,22).

തബ്ഗീലിനെ എതിർക്കുവാനാണെങ്കിലും മുസ്‌ലിയാർ അറിഞ്ഞു പറഞ്ഞ ഒരു സത്യം ഇതാണ്: "ബിദ്അത്തുകാരിൽനിന്നും ഹദീസ് സ്വീകരിക്കുന്ന വിഷയത്തിൽ പണ്ഡിതന്മാർ ധാരാളം ചർച്ച നടത്തിയിട്ടുണ്ട്. ബിദ്അത്ത് കടത്തിക്കൂട്ടുന്നവരിൽനിന്ന് ഒന്നും സ്വീകരിക്കരുതെന്നാണ് പണ്ഡിത നിലപാട്. അതിൽ നാം ഉറച്ചുനിൽക്കുന്നു" (സുന്നിവോയ്സ്/2020 നവംബർ 16-30/പേജ് 24).

ഇത് സ്വന്തത്തിനുതന്നെ തിരിച്ചടിയാകുമെന്ന് മുസ്‌ലിയാർ ഓർത്തുകാണില്ല. വിശ്വാസ കാര്യങ്ങളിൽ കടുത്ത ശിർക്കും കർമങ്ങളിൽ ധാരാളം ബിദ്അത്തും കൊണ്ടുനടക്കുന്നവരാണല്ലോ

ഇക്കൂട്ടർ. പ്രമാണങ്ങളും ഹദീഥ് നിദാനശാസ്ത്ര പണ്ഡിതന്മാരും വളരെ ഗൗരവത്തിൽ കണ്ടതാണ് ഈ വിഷയം. അന്ധമായ അനുകരണത്തിൽ തളച്ചിടപ്പെട്ടവർക്ക് ഇതു പറയാൻ ധാർമികമായ എന്ത് അർഹതയാണുള്ളത്?

ഇമാം മുസ്‌ലിം(റഹി) തന്റെ സ്വഹീഹിന്റെ ആമുഖത്തിൽ ആദ്യം പറഞ്ഞത് ശ്രദ്ധേയമാണ്: "കളവു പറയുന്നവരെ മാറ്റിനിർത്തി വിശ്വസ്തരിൽനിന്ന് മാത്രമെ ഹദീഥുകൾ റിപ്പോർട്ട് ചെയ്യാവൂ."

ഇതിനെ അന്വർഥമാക്കി നബിചര്യയെ ജീവിപ്പിക്കാൻ കഠിനപ്രയത്നം നടത്തുന്ന സലഫികൾക്ക് നേരെ 'ബിദ്അത്തുകാർ' എന്ന പ്രയോഗം പതിവായി നടത്താറുള്ള ഇവർ പുത്തൻവാദികളുടെ ഗണത്തിലുള്ള തബ്‌ലീഗിനെ കുറിച്ച് ഇങ്ങനെ പറഞ്ഞതിൽ കൗതുകമൊന്നുമില്ല.

മുസ്‌ലിയാർ വീണ്ടും എഴുതുന്നു: "ഉദാഹരണത്തിന് സകരിയ്യാ കാന്തലവിയെ എടുക്കാം. അദ്ദേഹത്തിന് സലഫിസം ബാധിച്ചിട്ടുണ്ടെന്നത് ചരിത്ര സത്യമാണ്. എന്നാൽ പലരും അതിപ്പോഴും തിരിച്ചറിഞ്ഞിട്ടില്ല" (സുന്നിവോയ്സ്/2020 നവംബർ 16-30/പേജ് 21).

തെറ്റുധാരണ പരത്തുക എന്നത് ഇക്കൂട്ടരുടെ സ്ഥിരം പരിപാടിയാണ്. തബ്‌ലീഗ് ജമാഅത്തിന്റെ സ്ഥാപകനേതാക്കളിൽ പ്രധാനിയും അവരുടെ ആധികാരിക അവലംബ ഗ്രന്ഥമായ 'ഫളായിലെ അഅ്മാലി'ന്റെ രചയിതാവുമായ ഇദ്ദേഹത്തെ സലഫിയായി മുദ്രകുത്തുന്നതിലെ വൈരുധ്യവും വിവരക്കേടും കാണുമ്പോൾ സ്വന്തം അനുയായികൾ തന്നെ ഊറിച്ചിരിക്കുന്നുണ്ടാകും.

മുസ്‌ലിയാർ ഞെട്ടിപ്പിക്കുന്ന ഒരു വെളിപ്പെടുത്തൽ നടത്തുന്നത് കാണുക:

"മഖ്ദൂമുമാരിൽനിന്ന് നമുക്ക് കിട്ടിയ അമൂല്യ നിധികളാണ് മൻഖൂസ് മൗലിദും ഫത്ഹുൽ മുഈനുമെല്ലാം. മഹാന്മാരുടെ പേരിൽ നേർച്ചയാക്കാനും അവരുടെ ഖബ്ർ കെട്ടിപ്പൊക്കാനും മറ്റും പഠിപ്പിച്ചതും അവയെല്ലാം പുണ്യകർമമാണെന്ന് നമുക്ക് മനസ്സിലാക്കിത്തന്നതും ഫത്ഹുൽ മുഈനാണ്. മൗലിദും ഇത്തരം കാര്യങ്ങളുമാണ് ശിയാഇസമെങ്കിൽ അത് മഖ്ദൂമുമാർ പഠിപ്പിച്ചതാണ്. ശിയാഇസം എന്നത് മറ്റൊന്നാണ്. അതിനെ സുന്നികൾ ചെയ്യുന്ന പുണ്യകരമായ ആചാരങ്ങളുമായി കൂട്ടിക്കെട്ടേണ്ടതില്ല" (സുന്നിവോയ്സ്/2020 നവംബർ 16-30/പേജ് 25).

വൈകിയാണെങ്കിലും നേതാവിന് തന്നെ ബോധോദയം വന്നതിൽ വലിയ സന്തോഷം. ഇതൊന്നും മതമല്ലെന്ന് എത്ര കാലമായി സലഫികൾ പറയുന്നു. അപ്പോഴെല്ലാം പ്രമാണങ്ങൾ ദുർവ്യാഖ്യാനിച്ചും ദുർബല ഹദീഥുകൾ നിരത്തിയും ഇതിനെ മതമാക്കാൻ ഒച്ചയിട്ടോടി സാധാരണക്കാരെ വിശ്വാസ, സാമ്പത്തിക ചൂഷണത്തിൽ അകപ്പെടുത്തിയവർ ക്വുർആനിന്റെ താക്കീതിനെയാണ് പേടിക്കേണ്ടത്. അല്ലാഹു പറയുന്നു:


"സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക'(9:34).

ഉസ്താദ് തന്നെ ഇത് അണികളെ തെര്യപ്പെടുത്തുകയാണെങ്കിൽ 'സുന്നി' എന്ന വിശേഷണം സമസ്തക്ക് ചേരില്ല എന്ന് അവർക്ക് ബോധ്യപ്പെടും. യഥാർഥ സുന്നികൾ സലഫികളാണെന്ന്അവർതിരിച്ചറിയുകയും ചെയ്യും. പ്രവാചകൻ പഠിപ്പിക്കാത്ത ഒട്ടനവധി കാര്യങ്ങൾ മതത്തിന്റെ പേരിൽ പുതുതായി നിർമിച്ച് ആചരിക്കുന്നവർക്ക് ആ പേര് എങ്ങനെയാണ് യോജിക്കുക?

ശിർക്ക് കലർന്ന മൻഖൂസ് മൗലിദും മതം അംഗീകരിക്കാത്ത രൂപത്തിലുള്ള നേർച്ചകളും ജാറപൂജയുമൊക്കെ നടത്തൽ പുണ്യകർമങ്ങളാണെന്ന് വിചാരിക്കുന്നവർക്ക് ഈ ക്വുർആൻ വചനം പഠിപ്പിച്ചുകൊടുത്താൽ നന്നായിരുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. റസൂലിനെയും നിങ്ങൾ അനുസരിക്കുക. നിങ്ങളുടെ കർമ്മങ്ങളെ നിങ്ങൾ നിഷ്ഫലമാക്കിക്കളയാതിരിക്കുകയും ചെയ്യുക" (47:33).

പ്രത്യക്ഷത്തിൽ തങ്ങൾ ശിയാഇസത്തിന് എതിരാണെന്ന് വരുത്തിത്തീർക്കുകയും പരോക്ഷമായി ശിയാഇസത്തെ വാരിപ്പുണരുകയും ചെയ്യുന്നവർക്ക് ഇസ്‌ലാമിനോട് എന്ത് പ്രതിബദ്ധതയാണുള്ളത്?





അമർ ബഷീർ
mail@nerpatham.com

അനുഭവക്കുറിപ്പ്

# വിധിയെ പഴിക്കരുത്

നേരം ഇരുട്ടിത്തുടങ്ങിയിരുന്നു. പതിവില്ലാതെ സുഹൃത്ത് റിയാസ് രണ്ടുതവണ വിളിച്ചു. എടുത്ത ഫോൺ തിരികെവച്ചത് ഒലിച്ചിറങ്ങിയ രണ്ടു തുള്ളി കണ്ണീരോടെയാണ്. യാസീന്റെ സഹോദരിയുടെ കുട്ടി മരിച്ച വിവരം അറിയിക്കാൻ വിളിച്ചതായിരുന്നു.

കടയടച്ചു നേരെ പോയത് യാസീന്റെ വീട്ടിലേക്കാണ്. ഒരു മരണവീടിന്റെ പ്രതീതി ആയിത്തുടങ്ങിയിരുന്നു. സങ്കടം തുറന്നുവെച്ചതും മൂടിവെച്ചതുമായ കുറച്ചു മുഖങ്ങൾക്കരികിലൂടെ ഞാൻ പതിയെ കട്ടിലിന്റെ അടുത്തേക്ക് നടന്നുനീങ്ങി. ഒരു മയക്കത്തിലെന്ന പോലെ അവൾ മലർന്നുകിടക്കുന്നു. ഉറങ്ങുകയാണെന്നേ തോന്നുകയുള്ളൂ.

പല മൂലകളിൽനിന്നായി തേങ്ങലുകൾ കേൾക്കാം. കുഞ്ഞിന്റെ ഉമ്മയുടെ തേങ്ങലായിരുന്നു അവിടെ കൂടുതൽ ഉയർന്നുകേട്ടത്. മുലകുടിപ്രായം തീരുംമുമ്പേ മകളെ നഷ്ടപ്പെട്ട ഒരു മാതാവിന്റെ ഹൃദയവേദന വിവരണാതീതമാണ്.

ഞാൻ പുറത്തിറങ്ങിയതും യാസീൻ എന്റെ അടുത്തേക്ക് വന്നു.

'എന്നാലും... എന്നാലും...' അവൻ വിതുമ്പി.

തേങ്ങലടക്കിക്കൊണ്ട് അവൻ ചോദിച്ചു: 'കണ്ടുകൊതിതീരും മുമ്പേ എന്തിനാണ് അവളെ കൊണ്ടുപോയത്? എന്തു തെറ്റാണ് ആ പിഞ്ചു പൈതൽ ചെയ്തത്? ആശുപത്രിയിൽ ശരിക്കും ശ്രദ്ധ കിട്ടിയിരുന്നെങ്കിൽ അവൾക്ക് ഈ ഗതി വരില്ലായിരുന്നു.'

ഇതുപോലുള്ള സന്ദർഭങ്ങളിലാണ് നാഥന്റെ വിധിയിലുള്ള വിശ്വാസം ഒരു കാവൽക്കാരനായി കടന്നുവരേണ്ടത്. അല്ലാത്തപക്ഷം വിധിയെ പഴിച്ച് സമാധാനം നഷ്ടപ്പെടുത്തുന്ന അവസ്ഥയുണ്ടാകും.

ഞാൻ അവനെ ചേർത്തുപിടിച്ചുകൊണ്ട് സമാധാനിപ്പിക്കാൻ ശ്രമിച്ചു.

'നിങ്ങളിലാർക്കെങ്കിലും ഒരു ദുരിതമോ വിഷമമോ ബാധിക്കുമ്പോൾ ഞാൻ ഇങ്ങനെ ചെയ്തിരുന്നെങ്കിൽ അങ്ങനെയാകുമായിരുന്നു, ഞാൻ ഇങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ ഇങ്ങനെയൊന്നും ആകുമായിരുന്നില്ല എന്നൊന്നും നിങ്ങൾ പറയരുതെന്നും ഇത് അല്ലാഹുവിന്റെ വിധിയാണെന്നും അവൻ ഉദ്ദേശിച്ചതുപോലെ നടന്നു എന്നും പറയുക' എന്ന് നബിﷺ പറഞ്ഞ കാര്യം ഞാൻ അവനെ ബോധ്യപ്പെടുത്തി.

'ഇങ്ങനെ ചെയ്തിരുന്നെങ്കിൽ... അങ്ങനെ ചെയ്തിരുന്നെങ്കിൽ' എന്നൊക്കെയുള്ള ചിന്ത പിശാചിന് കടന്നുവരാനുള്ള പഴുതുണ്ടാക്കും. ആ ചിന്തകൾ മനസ്സിൽ ധാരാളം മുറിവുകൾ കോറിയിടും; ചിലപ്പോൾ ഒരിക്കലും ഉണങ്ങാത്ത വിധത്തിലുള്ളത്. ഒരുപക്ഷേ, അവ പഴുത്ത് ജീർണിച്ച് മറ്റുള്ളവരോടും മറ്റു ചിലപ്പോൾ സ്രഷ്ടാവിനോടു പോലുമുള്ള ദേഷ്യത്തിന് കാരണമായേക്കാം.

ജീവിതത്തിന്റെ കൈപ്പേറിയ നിമിഷങ്ങളിലൂടെ കടന്നുപോകുമ്പോൾ നാഥന്റെ വിധിയിലുള്ള വിശ്വാസം മാത്രമെ നമുക്ക് താങ്ങായും തണലായും ഉണ്ടാവുകയുള്ളൂ. അവന്റെ തീരുമാനത്തിനപ്പുറം ഈ ലോകത്ത് ഒന്നും സംഭവിക്കുകയില്ല എന്ന ചിന്തയാണ് നമ്മിലുണ്ടായിരിക്കേണ്ടത്.

"...നീ പറയുക: അപ്പോൾ അല്ലാഹു നിങ്ങൾക്കു വല്ല ഉപദ്രവവും ചെയ്യാൻ ഉദ്ദേശിച്ചാൽ, അല്ലെങ്കിൽ അവൻ നിങ്ങൾക്കു വല്ല ഉപകാരവും ചെയ്യാൻ ഉദ്ദേശിച്ചാൽ അവന്റെ പക്കൽനിന്ന് നിങ്ങൾക്കു വല്ലതും അധീനപ്പെടുത്തിത്തരാൻ ആരുണ്ട്?..." (ക്വുർആൻ 48:11).

പി.എൻ സോമൻ
mail@nerpatham.com

അനുഭവം



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

9

**ബൈ**ബിൾ പഴയനിയമം ഉൽപത്തിപുസ്തകം മുതൽ പുതിയനിയമം വെളിപാട് പുസ്തകംവരെ അരിച്ചുപെറുക്കിയിട്ടും ത്രിയേകത്വ ദൈവത്തിന്റെ ഒരംശംപോലും കണ്ടെത്താൻ കഴിഞ്ഞില്ല. പാപപരിഹാരത്തിന്റെ പേരിൽ നടന്ന കുരിശുമരണവും പൊതുധാരണകളും വിശ്വാസങ്ങളും വിചിത്രവും ആസൂത്രിതവുമാണ്. സത്യവേദപുസ്തകമെന്നെഴുതിയ പുറംചട്ടയുള്ളതിന്റെ ഉള്ളിലുള്ള വൈരുധ്യങ്ങൾ അംഗീകരിക്കുക സാധ്യമല്ല.

“ദൈവം ഈ വചനങ്ങളൊക്കെയും അരുളിച്ചെയ്തു: അടിമവീടായ മിസ്രയീംദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത്. ഒരു വിഗ്രഹം ഉണ്ടാക്കരുത്; മിതെ സ്വർഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു...” (പുറപ്പാട് 20: 1–5).

“ഇസ്രായേൽ ഗൃഹമേ, യഹോവ നിങ്ങളോടു അരുളിച്ചെയ്യുന്ന വചനം കേൾപ്പിൻ! യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ജാതികളുടെ വഴി പഠിക്കരുതു; ആകാശത്തിലെ ലക്ഷണങ്ങൾ കണ്ടു ഭ്രമിക്കരുതു; ജാതികൾ അല്ലോ അവ കണ്ടു ഭ്രമിക്കുന്നതു. ജാതികളുടെ ചട്ടങ്ങൾ മിത്ഥ്യാമൂർത്തിയെ സംബന്ധിക്കുന്നു; അതു ഒരുവൻ കാട്ടിൽനിന്നു വെട്ടിക്കൊണ്ടുവന്ന മരവും ആശാരി വാച്ചികൊണ്ടു ചെയ്ത പണിയും അത്രേ. അവർ അതിനെ വെള്ളിയും പൊന്നുംകൊണ്ടു അലങ്കരിക്കുന്നു; അതു ഇളകാതെയിരിക്കേണ്ടതിന്നു അവർ അതിനെ ആണിയും ചുറ്റികയുംകൊണ്ടു ഉറപ്പിക്കുന്നു. അവ വെള്ളരിത്തോട്ടത്തിലെ തൂണുപോലെയാകുന്നു; അവ സംസാരിക്കുന്നില്ല; അവെക്കു നടപ്പാൻ വയ്യായ്കകൊണ്ടു അവയെ ചുമന്നുകൊണ്ടു പോകേണം; അവയെ ഭയപ്പെടരുതു; ഒരു ദോഷവും ചെയ്‌വാൻ അവെക്കു കഴികയില്ല; ഗുണം ചെയ്‌വാനും അവെക്കു പ്രാപ്തിയില്ല” (യിരെമ്യാവ് 10: 1-5).

യഹോവ; അവന് തുല്യരായി ആരുമില്ല. ഉൽപത്തി പുസ്തകം മുതൽ മലാഖിവരെ 39 പുസ്തകങ്ങളിലും യഹോവയായ ഏകദൈവം തിളങ്ങി നിൽക്കുന്നു. യഹോവയായ ഏക രക്ഷിതാവിലുള്ള വിശ്വാസവും ആരാധനയും ശരിയും സത്യവുമാണെന്നും ഉറച്ചു വിശ്വസിക്കുന്നു.

**യേശു; ദൈവദൂതൻ**

ദൈവദൂതന്മാർ എന്നതുകൊണ്ട് ദൈവത്തിന്റെ സന്ദേശം വഹിക്കുന്നവർ എന്നാണല്ലോ അർഥമാക്കേണ്ടത്. യഹോവ ഒഴിച്ചു ഒരു ദൂതനെയും വിഗ്രഹത്തെയും വണങ്ങുകയോ പൂജിക്കുകയോ ചെയ്യരുതെന്നു അതിശക്തമായും കർശനമായും ദൈവവും ദൈവദൂതന്മാരും വിലക്കിയതായി ബൈബിൾ പഴയനിയമ പുസ്തകത്തിൽനിന്നും ആർക്കും ബോധ്യപ്പെടാവുന്നതാണ്.

എന്നാൽ ബൈബിളിൽ വിശ്വസിക്കുന്ന ക്രൈസ്തവലോകത്തിന്റെ സ്ഥിതി എന്താണ്? ഏതു പള്ളികളിൽ നോക്കിയാലും അംബരചുംബികളായി പണിതുപൊക്കിയതിന്റെ മുകളിൽ തടികൊണ്ടും ലോഹം കൊണ്ടും രൂപപ്പെടുത്തിയ ആണിന്റെയും പെണ്ണിന്റെയും രൂപങ്ങൾ കാണാം! പള്ളിക്കുള്ളിലും പല രൂപത്തിലുള്ള ആൺ, പെൺ പ്രതിമകളും ഈ രൂപങ്ങൾക്ക് മുമ്പിൽ നേർചക്കാഴ്ചകൾ സമർപ്പിച്ചു പ്രദക്ഷിണം വയ്ക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ഇത് കർശനമായി വിലക്കിയ വേദപുസ്തകവും പ്രതിമയ്ക്കു ചുവട്ടിൽ കാണാം. ഇത് ദൈവ വിശ്വാസമോ ദൈവ നിഷേധമോ? ചിന്തിക്കേണ്ടതില്ലേ?

പ്രപഞ്ചനാഥനായ ഏകദൈവം (യഹോവ) ബലഹീനനും കളവു പറയുന്നവനുമാണെന്ന് തോന്നിക്കുന്ന പല സന്ദർഭങ്ങളും ബൈബിളിൽ കാണാം.

‘യഹോവയായ ദൈവം മനുഷ്യനെ സൃഷ്ടിച്ചു. സ്വർഗത്തിലുള്ള ഏദൻ തോട്ടം സൂക്ഷിക്കാൻ നിയമിച്ചു. എന്നിട്ട് യഹോവ പറഞ്ഞു: നിങ്ങൾ തോട്ടത്തിന് മധ്യത്തിലുള്ള വൃക്ഷഫലം മാത്രം ഭക്ഷിക്കരുത്. (വിലക്കപ്പെട്ട ഫലം). അത് ഭക്ഷിച്ചാൽ നിങ്ങൾ മരിക്കും. ബാക്കി എല്ലാ ഫലങ്ങളും ഭക്ഷിച്ചു കൊള്ളുക.’

‘പാമ്പ് സ്ത്രീയോട് (ഹവ്വ) പറഞ്ഞു; നിങ്ങൾ മരിക്കില്ല. നിശ്ചയം! ആ ഫലം തിന്നുന്ന നാൾ നിങ്ങൾ കണ്ണ് തുറന്നു ദൈവത്തെപ്പോലെയാകും. പാമ്പ് പഴം പറിച്ചെടുക്കത്തക്കവിധം മരം ചായ്ച്ചു കൊടുത്തു. രണ്ടുപേരും കഴിച്ചു.’

ഉൽപത്തി പുസ്തകം രണ്ടാം അധ്യായത്തിൽ പറഞ്ഞതിന്റെ ചുരുക്കമാണിത്. എന്നിട്ട് എന്തു സംഭവിച്ചു. പഴം തിന്നിട്ട് ദൈവം (യഹോവ) പറഞ്ഞതുപോലെ അവർ (ആദം, ഹവ്വ) മരിച്ചില്ല. പിന്നെയോ, പാമ്പ് പറഞ്ഞതുപോലെ അവർ കണ്ണുകൾ തുറന്നു.

അപ്പോൾ ദൈവത്തെക്കാൾ അദൃശ്യകാര്യങ്ങൾ അറിവുള്ളത് പാമ്പിനാണെന്നുവരുന്നു! ദൈവം പറഞ്ഞത് കള്ളവും! പ്രപഞ്ച സ്രഷ്ടാവിന് തന്റെ സൃഷ്ടികളോട് നുണ പറയേണ്ട ആവശ്യമില്ല. മാത്രമല്ല പ്രപഞ്ചനാഥന് യോജിച്ചതല്ല നുണ പറയുകയെന്നത്. മനുഷ്യസൃഷ്ടിയായ ഗ്രന്ഥമായതുകൊണ്ടല്ലേ ഈ വീഴ്ച വന്നത്?

> “ദൈവദൂതന്മാർ എന്നതുകൊണ്ട് ദൈവത്തിന്റെ സന്ദേശം വഹിക്കുന്നവർ എന്നാണല്ലോ അർഥമാക്കേണ്ടത്. സാക്ഷാൽ ദൈവമായ യഹോവയെ മാത്രമെ ആരാധിക്കാൻ പാടുള്ളൂ എന്നും അവൻ നിയോഗിച്ചയച്ച ഒരു ദൂതനെയും വിഗ്രഹത്തെയും വണങ്ങുകയോ പൂജിക്കുകയോ ചെയ്യരുതെന്നും അതിശക്തമായും കർശനമായും വിലക്കിയതായി ബൈബിൾ പഴയനിയമ പുസ്തകത്തിൽനിന്നും ആർക്കും ബോധ്യപ്പെടാവുന്നതാണ്. എന്നാൽ പള്ളി നിറയെ ആൺ പെൺ പ്രതിമകൾ കൊത്തിവെച്ചതായി കാണാം.”

യാക്കോബ് തന്റെ ഭാര്യ, പുത്രന്മാർ, കന്നുകാലികൾ, സമ്പത്തുകൾ എല്ലാമായി ദേശം വിട്ടുപോയി. ഒരു പുഴക്കരയിൽ എല്ലാ വകകളും മറുകര കടത്തിയശേഷം യാക്കോബ് തനിച്ചായി. അപ്പോൾ അവിടെ പ്രത്യക്ഷപ്പെട്ട ഒരു മനുഷ്യൻ (പുരുഷൻ) ഉഷസ്സ് ആകുവോളം യാക്കോബുമായി മൽപ്പിടുത്തം നടത്തി. പുരുഷൻ ജയിക്കില്ലെന്നു കണ്ടപ്പോൾ യോക്കോബിന്റെ തുടയിൽ പിടിച്ചു. തുട ഉളുക്കിപ്പോയി. എന്നിട്ട് പുരുഷൻ പറഞ്ഞു: 'എന്നെ വിടുക. ഉഷസ്സ് ഉദിക്കുന്നു.' പുരുഷൻ ചോദിച്ചു: 'നിന്റെ പേര് എന്താകുന്നു?' 'യാക്കോബ്' എന്നു മറുപടി പറഞ്ഞു. പുരുഷൻ പറഞ്ഞു: 'നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ച് ജയിച്ചതുകൊണ്ട് നിന്റെ പേര് യാക്കോബ് എന്നല്ല; യിസ്രായേൽ എന്നു വിളിക്കപ്പെടും.'

ഇത് ഉൽപത്തി പുസ്തകം 32ാം അധ്യായത്തിൽ പറയുന്നതാണ്.

ഇവിടെ യാക്കോബ് ദൈവത്തെയാണ് മൽപിടുത്തത്തിൽ തോൽപിക്കുന്നത്! യഹോവ തന്റെ സൃഷ്ടിയുമായി മൽപിടുത്തം നടത്തി! രക്ഷയില്ലാതെ വന്നപ്പോൾ സൃഷ്ടിയുടെ തുട ഉളുക്കിപ്പിക്കുന്നു. തന്നെ പിടിവിടാൻ അപേക്ഷിക്കുന്നു! ദൈവം സൃഷ്ടിയുടെ മുമ്പിൽ ബലഹീനനായി മാറുന്നു!

ഇത്രയും വിലകുറച്ചും നിസ്സാരനായും പ്രപഞ്ചനാഥനെ ചിത്രീകരിക്കുന്ന ഗ്രന്ഥം ദൈവത്തിൽ നിന്നുള്ളതോ അതോ മനുഷ്യനിർമിതമോ? ഒരു ദൈവവിശ്വാസിക്ക് എങ്ങനെ ഇത് അംഗീകരിക്കാനാവും?

കോടാനുകോടി സൃഷ്ടികളെ സൃഷ്ടിച്ചിട്ടുള്ള കർത്താവായ യഹോവയ്ക്ക് സൃഷ്ടിക്കാൻ പോകുന്നവയെക്കുറിച്ചും പൂർണ അറിവ് ഉണ്ടായിരുന്നുവെന്നു ചിന്തിക്കുന്ന മനസ്സുകൾക്ക് കണ്ടെത്താൻ കഴിയും.

ഒരു ചെരുപ്പോ കുടയോ പാത്രമോ ധാരാളം ആളുകൾ കൂടുന്ന സ്ഥലത്ത് വച്ചിട്ട് ഒരാൾ പോകുന്നു. തിരിച്ചുവരുമ്പോൾ അതുപോലെ അനേകം വസ്തുക്കൾ കാണുന്നു. അന്നേരം തന്റെ ചെരുപ്പ്, അല്ലെങ്കിൽ കുട ഏതെന്ന് അയാൾക്ക് തിരിച്ചറിയാൻ പ്രയാസമാകും. തന്റെതെന്ന ധാരണയിൽ മാറിയെടുത്തു കൊണ്ടുപോകാനും സാധ്യതയുണ്ട്. എന്നാൽ ഒരാൾ ആൾക്കൂട്ടത്തിൽ തന്റെ ഭാര്യയോ, ഭർത്താവോ, മകനോ, ബന്ധുവോ ഇടകലർന്നു പോയാൽ മറ്റൊരാളെ സ്വീകരിക്കുകയില്ല. കൈവിട്ടുപോയ ആളെത്തന്നെ തിരിച്ചറിയാൻ കഴിയും. കാരണം ചെരുപ്പും കുടയും പാത്രവുമെല്ലാം സൃഷ്ടിച്ചത് മനുഷ്യരും മനുഷ്യനെ സൃഷ്ടിച്ചത് ജ്ഞാനവും പൂർണമായ അറിവുമുള്ള ദൈവമാണ്.

സത്യവേദപുസ്തകം പഴയനിയമം മാറി പുതിയനിയമം വരുമ്പോഴേക്കും കീഴ്മേൽ മറിഞ്ഞ് ഒരു കീറാമുട്ടിയായി നിലകൊള്ളുകയാണ്. യഹോവയായ ഏകദൈവം അപ്രത്യക്ഷനാവുകയും പിതാവും പുത്രനും പിശുദ്ധാത്മാവുമായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

യേശുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ പ്രധാനപ്പെട്ട മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരിൽകൂടി യേശുവിന്റെ സത്യാവസ്ഥ മനസ്സിലാക്കാൻ കഴിയും.

ശിഷ്യനായ യോഹന്നാൻ പറയുന്നു: "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോട് കൂടെയായിരുന്നു. വചനം ദൈവമായിരുന്നു. എല്ലാവരെയും പ്രകാശിപ്പിക്കുന്നതിന് ആരുടെയും ഇഷ്ടത്താലുമല്ലാതെ വചനം ജഡമായിത്തീർന്നു. കൃപയും സമാധാനവും നിറഞ്ഞവനായി മനുഷ്യരുടെ ഇടയിൽ പാർത്തു."

പരമോന്നതനായ ദൈവം മറിയം എന്ന സ്ത്രീയുടെ ഗർഭാശയത്തിൽ മനുഷ്യക്കുഞ്ഞായി ജനിച്ചു എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. നാമൊന്നു ചിന്തിച്ചു നോക്കുക. നാലുചക്രത്തിൽ ഓടുന്ന ഒരു വാഹനത്തിന്റെ ഡ്രൈവറുടെ ശ്രദ്ധ ഒരു സെക്കന്റ് തെറ്റിയാൽ എന്തു സംഭവിക്കും? വണ്ടി ഇടിക്കുകയോ, ഇടിച്ചു മറിയുകയോ ചെയ്യും.

അനേകായിരം ഗോളങ്ങൾ ഉപരിലോകത്ത് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഭൂമി സ്വയം കറങ്ങുന്നതോടൊപ്പം സൂര്യനെ ചുറ്റുന്നു. ഇതുപോലെ പ്രപഞ്ചത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒട്ടേറെ പ്രതിഭാസങ്ങളുണ്ട്. ഇതെല്ലാം അണുവിട തെറ്റാതെ സൂക്ഷ്മമായി നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ദൈവം (യഹോവ) എല്ലാ നിയന്ത്രണങ്ങളും വിട്ട് മനുഷ്യവർഗത്തിന്റെ പാപം പരിഹരിക്കുന്നതിന് വേണ്ടി മനുഷ്യ ജന്മം എടുക്കാൻ പത്തുമാസം ഒരു സ്ത്രീയുടെ വയറിനുള്ളിൽ ശിശുവായി കഴിയുന്നു എന്ന് വിശ്വസിക്കാൻ ചിന്താശേഷിയുള്ള ഒരാൾക്ക് എങ്ങനെ കഴിയും? ഈ കാലയളവിൽ ആരായിരുന്നു എല്ലാം നിയന്ത്രിച്ചിരുന്നത്?

ദൈവത്തിന്റെ വരവിന് മുന്നറിയിപ്പ് നൽകാനും സ്നാനം കഴിക്കാനും ആഗതനായ സ്നാപക യോഹന്നാൻ പറയുന്നു: 'ഇവൻ ദൈവപുത്രൻ എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു' (യോഹന്നാൻ 1:34).

യേശു കടന്നുപോകുമ്പോൾ സ്നാപക യോഹന്നാൻ പറയുന്നു:

'ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്' (യോഹന്നാൻ 1:29).

യേശു = ദൈവം

യേശു = ദൈവപുത്രൻ

യേശു = പരിശുദ്ധാത്മാവ്

യേശു = ദൈവത്തിന്റെ കുഞ്ഞാട് (ഏതു വിശ്വസിക്കും?)

യേശു സാക്ഷ്യം പറയുന്നത് ശ്രദ്ധേയമാണ്: "എനിക്കു സ്വതേ ഒന്നും ചെയ്‌വാൻ കഴിയുന്നതല്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു; ഞാൻ എന്റെ ഇഷ്ടം അല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്‌വാൻ ഇച്ഛിക്കുന്നതുകൊണ്ടു എന്റെ വിധി നീതിയുള്ളത് ആകുന്നു" (യോഹന്നാൻ 5:30).

"അഞ്ചു യവത്തപ്പത്തിൽ തിന്നു ശേഷിച്ച കഷണം അവർ ശേഖരിച്ചു പന്ത്രണ്ടുകൊട്ട നിറച്ചെടുത്തു. അവൻ ചെയ്ത അടയാളം ആളുകൾ കണ്ടിട്ടു; ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു" (യോഹന്നാൻ 6:13,14).

ഇവിടെ നാമം മാറി; പ്രവാചകനായി!

"എന്നാൽ ദൈവത്തോടു കേട്ടിട്ടുള്ള സത്യം നിങ്ങളോടു സംസാരിച്ചിരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു..."(യോഹന്നാൻ 8:40).

"അവൻ അവരോടു പറഞ്ഞതു: 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ചൊല്ലേണ്ടിയതു: (സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ) പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; (നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ;) ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ദിനംപ്രതി തരേണമേ" (ലൂക്കോസ് 11: 2,3).

'സ്വർഗസ്ഥനായ യേശുവേ' എന്നു വിളിക്കാൻ പറഞ്ഞിട്ടും പഠിപ്പിച്ചിട്ടുമില്ല!

"ഞാൻ ന്യായപ്രമാണത്തെയൊ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത്" (മത്തായി 5:17).

യേശുവിന്റെ ഈയൊരു മുന്നറിയിപ്പു മാത്രം മതി; യേശുവിന് മുമ്പ് ധാരാളം പ്രവാചകന്മാർ ഭൂമിയിൽ വന്നിട്ടുണ്ടെന്നും യേശു ഒരു പ്രവാചകൻ മാത്രമാണ് എന്നും മനസ്സിലാക്കാൻ.

യേശു ദൈവമോ, ദൈവപുത്രനോ, പരിശുദ്ധാത്മാവോ ഒന്നുമല്ല. ദൈവദൂതനായ ഒരു പ്രവാചകൻ മാത്രമാണ്. യേശുവിന്റെ പ്രവർത്തന കാലമത്രയും ഉപവാസവും പ്രാർഥനയും മുടങ്ങാതെ അനുഷ്ഠിച്ചതായി കാണാൻ കഴിയും.

യേശുവിനു വിശന്നു, ദാഹിച്ചു, ഉറങ്ങി, വസ്ത്രം ധരിച്ചു, ചെരുപ്പ് ധരിച്ചു; യേശു മനുഷ്യരെ ഉപദേശിച്ചു, ശാസിച്ചു, സ്നേഹിച്ചു. ഇതെല്ലാം ഒരു സാധാരണ മനുഷ്യരിൽ കണ്ടുവരുന്ന പ്രകൃതി പരമായ കാര്യങ്ങളല്ലേ?

എനിക്ക് ഇത്രയുമൊക്കെ ബോധ്യപ്പെട്ടപ്പോൾ യേശുവിന്റെ മരണവും സ്വർഗാരോഹണവും കൂടി ബോധ്യപ്പെടണമെന്ന് ആഗ്രഹമായി. ത്രിയേകത്വവും പാപപരിഹാര കുരിശുമരണവും യേശുവിന് അറിവുള്ള കാര്യമല്ല എന്നു വ്യക്തമാക്കുന്ന പല തെളിവും കാണാൻ കഴിയും.

പ്രധാന നാലു ശിഷ്യന്മാർ എഴുതിയ ലേഖനം (പുസ്തകം) യേശു കണ്ടിരുന്നെങ്കിൽ അവ ചുരുട്ടി എറിയുമായിരുന്നു. കാരണം യേശുവിന്റെ പ്രബോധനകാലത്ത് യേശു അറിയാത്തതും പറയാത്തതും പ്രവർത്തിക്കാത്തതുമായ പല സംഭവങ്ങളും വിശ്വാസിയും സ്നേഹനിധിയുമായ ആ ദൈവദൂതന്റെ മേൽ കെട്ടിവച്ച് അവഹേളിക്കുന്നതായി കാണാം.

കാനായിൽ ഒരു കല്യാണസൽക്കാരത്തിന് വീഞ്ഞ് തീർന്നുപോയപ്പോൾ യേശു പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റുകയും ജനങ്ങൾ വീഞ്ഞുകുടിച്ചു മദ്യലഹരിയിൽ നൃത്തമാടുകയും ചെയ്തതായി പുതിയ നിയമത്തിൽ പറയുന്നു. യേശു ലഹരിയുണ്ടാക്കുന്ന വീഞ്ഞ് ഉൽപാദിപ്പിക്കുകയില്ലെന്ന് ഉറപ്പ്.

യേശു അത്തിമരത്തെ ശപിക്കുന്നു. മരം ക്ഷണത്തിൽ ഉണങ്ങിപ്പോയി. (മാർക്കോസ് 11:14).

യേശു ഇസ്രായേൽ ജനങ്ങളല്ലാത്തവരെ നായക്കുട്ടികൾ എന്നു വിശേഷിപ്പിക്കുന്നു. (മത്തായി 15: 28).

ഇവയൊന്നും യഥാർഥത്തിൽ യേശു പറഞ്ഞിട്ടും അറിഞ്ഞിട്ടുമുള്ളവയല്ല. യേശുവിന്റെ മേൽ ചുമത്തിയിട്ടുള്ളതത്രെ. യേശു പറഞ്ഞതാണെന്നു പറയുന്നവർ യേശുവിനെ അനാദരിക്കുകയാണു ചെയ്യുന്നത്. **(തുടരും)**

ഡോ. സ്വാലിഹ് ബിൻ ഫൗസാൻ
mail@nerpatham.com



ബിദ്അത്തിന്റെ ഇനങ്ങളും അവയുടെ വിധികളും 2




# പുത്തൻവാദികളോടുള്ള നിലപാട്

ബിദ്അത്തിന്റെ കക്ഷികളെ എതിർക്കുകയും അവർക്ക് മറുപടി നൽകുകയും ബിദ്അത്തിനെ നിഷ്കാസനം ചെയ്യുകയും അതിൽനിന്ന് അവരെ തടയുകയും ചെയ്യുന്ന സമീപനമാണ് അഹ്‌ലുസ്സുന്ന വൽ ജമാഅ എന്നും സ്വീകരിച്ചുപോന്നിട്ടുള്ളത്.

ഉമ്മുദ്ദർദാഅ്ﷺ പറയുന്നു: "അബുദ്ദർദാഅ്ﷺ കോപിഷ്ഠനായിക്കൊണ്ട് എന്റെ അടുക്കലേക്ക് വന്നു. ഞാൻ ചോദിച്ചു: 'താങ്കൾക്കെന്തുപറ്റി?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുതന്നെയാണ് സത്യം! അവർ ഒന്നിച്ച് നമസ്കരിക്കുന്നുണ്ട് എന്നതല്ലാതെ മുഹമ്മദ് നബിﷺ പഠിപ്പിച്ച ഒരു കാര്യവും ഞാനവരിൽ കണ്ടില്ല" (ബുഖാരി).

2. അംറുബ്നു യഹ്യ ﵀ പറയുകയാണ്: "എന്റെ പിതാവ് അദ്ദേഹത്തിന്റെ പിതാവിൽനിന്നും ഉദ്ധരിക്കുന്നതായി ഞാൻ കേട്ടിരിക്കുന്നു: 'ഞങ്ങൾ സ്വുബ്ഹി നമസ്കാരത്തിനുമുമ്പ് അബ്ദുല്ലാഹിബ്നു മസ്ഊദി ﵁ ന്റെ വാതിൽക്കൽ ഇരുന്നു. അദ്ദേഹം പുറത്ത് വന്നപ്പോൾ ഞങ്ങൾ അദ്ദേഹത്തിന്റെ കൂടെ പള്ളിയിലേക്ക് പോയി. അപ്പോൾ അബൂമൂസൽഅശ്അരി ﵁ തങ്ങളുടെ അടുക്കലേക്ക് വന്നുകൊണ്ട് ചോദിച്ചു: 'അബൂ അബ്ദുർറഹ്മാൻ ഇനിയും വന്നില്ലേ?' ഞങ്ങൾ പറഞ്ഞു: 'ഇല്ല.' അങ്ങനെ അദ്ദേഹം വരുന്നതുവരെ ഞങ്ങളുടെ കൂടെയിരുന്നു. അബൂഅബ്ദുർറഹ്മാൻ വന്നപ്പോൾ ഞങ്ങളെല്ലാവരും എഴുന്നേറ്റു നിന്നു; അപ്പോൾ അബൂ മൂസൽഅശ്അരി ﵁ പറഞ്ഞു: 'അല്ലയോ അബൂഅബ്ദുറഹ്മാൻ! ഞാൻ വെറുക്കുന്ന ഒരു കാര്യം ഇപ്പോൾ പള്ളിയിൽവെച്ച് കണ്ടു. അൽഹംദുലില്ലാഹ്! ഞാൻ കണ്ടത് നന്മ മാത്രമാണ്!' അബൂഅബ്ദുർറഹ്മാൻ ചോദിച്ചു: 'എന്താണ് കണ്ടത്?' അബൂമൂസ ﵁ പറഞ്ഞു: 'താങ്കൾ ജീവിച്ചിരിക്കുകയാണെങ്കിൽ താങ്കൾക്കുമത് കാണാം. ഒരു വിഭാഗം ആളുകൾ നമസ്കാരം പ്രതീക്ഷിച്ചുകൊണ്ട് വട്ടമിട്ടിരിക്കുന്നു. ഓരോ വട്ടത്തിലും (നേതൃത്വം കൊടുക്കാൻ) ഒരാളുണ്ട്. അവരുടെയെല്ലാം കൈകളിൽ ചെറിയ കല്ലുകളുണ്ട്. അയാൾ പറയും: '100 തവണ അല്ലാഹു അക്ബർ പറയുക.' അപ്പോൾ അവരിങ്ങനെ പറയും. '100 തവണ ലാഇലാഹ ഇല്ലല്ലാഹ് പറയുക.' അപ്പോൾ അവരത് പറയും. '100 തവണ സുബ്ഹാനല്ലാഹ് പറയുക.' അപ്പോൾ അവരത് പറയും." അബൂഅബ്ദുറഹ്മാൻ ﵁ ചോദിച്ചു: 'അവരുടെ തിന്മകൾ എണ്ണുവാനവരോട് കൽപിക്കുകയും നിങ്ങളുടെ നന്മകളിൽനിന്ന് ഒന്നും നഷ്ടപ്പെടാതിരിക്കട്ടെ എന്നവരോട് പറയുകയും ചെയ്തില്ലേ?' അങ്ങനെ ഞങ്ങൾ പോയി. പള്ളിയിലെ ഹൽക്വകളിലെ ഒരു ഹൽക്വയുടെ അടുത്തെത്തി. എന്നിട്ട് ചോദിച്ചു: 'എന്താണ് നിങ്ങളീ കാണിക്കുന്നത്?' അവർ പറഞ്ഞു: 'അബൂ അബ്ദുർറഹ്മാൻ, ഇത് കുറച്ചു കല്ലുകളാണ്. ഞങ്ങളതുകൊണ്ട് തക്ബീറും തഹ്മീദും തസ്ബീഹും തഹ്‌ലീലും എണ്ണം പിടിക്കുകയാണ്.'

അബൂ അബ്ദുർറഹ്മാൻ ﵁ പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ തിന്മകൾ എണ്ണിക്കൊള്ളുക. നിങ്ങളുടെ നന്മകളിൽ ഒന്നും നഷ്ടപ്പെട്ടുപോകാതിരിക്കട്ടെ. മുഹമ്മദ് നബി ﷺ യുടെ സമൂഹമേ, നിങ്ങൾക്ക് നാശം! എത്ര പെട്ടെന്നാണ് നിങ്ങൾ നശിച്ചത്! റസൂലിന്റെ അനുചരന്മാരിതാ (സ്വഹാബിമാർ) ജീവിച്ചിരിക്കുന്നു. റസൂലിന്റെ വസ്ത്രങ്ങളിതാ, അത് നുരുമ്പിയിട്ടില്ല. റസൂൽ ഉപയോഗിച്ച പാത്രങ്ങളിതാ, അവ കേടുവന്നിട്ടില്ല. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം! മുഹമ്മദ് നബി ﷺ കൊണ്ടുവന്ന മാർഗത്തെക്കാൾ നല്ല മാർഗത്തിലാണോ നിങ്ങൾ? അതോ വഴികേടിന്റെ വാതിലുകൾ തുറക്കുകയാണോ നിങ്ങൾ?' അവർ പറഞ്ഞു: 'അബൂഅബ്ദുർറഹ്മാൻ, ഞങ്ങൾ നന്മയല്ലാതെ ഉദ്ദേശിച്ചിട്ടില്ല.' അദ്ദേഹം പറഞ്ഞു: 'ഇങ്ങനെ, നന്മയാഗ്രഹിച്ചിട്ട് അതു ലഭിക്കാത്ത എത്രപേർ! നബി ﷺ പറഞ്ഞിട്ടുണ്ട്: ചില ആളുകൾ വരും. അവർ ക്വുർആൻ ഓതുമെങ്കിലും അത് തൊണ്ടവിട്ട് താഴോട്ടിറങ്ങുകയില്ല. അല്ലാഹുതന്നെയാണ് സത്യം! എനിക്കറിയില്ല; അവരിൽ അധികവും നിങ്ങളിൽ തന്നെയായിരിക്കാം.' അംറുബ്നു സലമ ﵀ പറയുന്നു: 'ഇവരിൽ അധികമാളുകളെയും നഹർവാൻ യുദ്ധദിവസം ഖവാരിജുകളോടൊപ്പം ഞങ്ങൾ കണ്ടു" (തിർമിദി).

3. മാലിക് ഇബ്നു അനസി(റഹി)ന്റെ അടുക്കലേക്ക് ഒരാൾ വന്നുകൊണ്ട് പറഞ്ഞു: 'ഞാൻ എവിടെനിന്നാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്?' (മാലിക്) പറഞ്ഞു: 'നബി ﷺ നിശ്ചയിക്കുകയും ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്ത മീക്വാതിൽ നിന്ന്.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഞാൻ അതിനെക്കാൾ ദൂരത്തുനിന്നും ഇഹ്റാമിൽ പ്രവേശിച്ചാലോ? മാലിക് പറഞ്ഞു: 'ആ അഭിപ്രായം എനിക്കില്ല.' അദ്ദേഹം ചോദിച്ചു: 'ഇക്കാര്യത്തിൽ എന്തു മാർഗമാണ് താങ്കൾ വെറുക്കുന്നത്?' മാലിക് പറഞ്ഞു: 'താങ്കളിൽ ഫിത്നയുണ്ടാകുന്നതിനെ ഞാൻ വെറുക്കുന്നു.' വീണ്ടും അയാൾ ചോദിച്ചു: 'നന്മ വർധിപ്പിക്കുന്നതിൽ എന്ത് ഫിത്നയാണുള്ളത്?' ഇമാം മാലിക് പറഞ്ഞു: 'അല്ലാഹു പറയുന്നു: നിങ്ങൾക്കിടയിൽ റസൂലിന്റെ വിളിയെ നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്നത് പോലെ നിങ്ങൾ ആക്കിത്തീർക്കരുത്. (മറ്റുള്ളവരുടെ) മറപിടിച്ചുകൊണ്ട് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ചോർന്നുപോകുന്നവരെ അല്ലാഹു അറിയുന്നുണ്ട്. ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചുകൊള്ളട്ടെ' (നൂർ: 63) നബി ﷺ നൽകിയിട്ടില്ലാത്ത ഒരു പ്രത്യേകമായ ശ്രേഷ്ഠത നിങ്ങളുണ്ടാക്കുന്നതിനെക്കാൾ വലിയ ഫിത്ന വേറെ എന്താണുള്ളത്?"

### അഹ്‌ലുസ്സുന്നത്തി വൽജമാഅയും ബിദ്അത്തിന്റെ കക്ഷികളും

ബിദ്അത്തിന്റെ കക്ഷികളെ എതിർക്കുന്നതിൽ ക്വുർആനിനെയും സുന്നത്തിനെയും മാനദണ്ഡപ്പെടുത്തിക്കൊണ്ടുള്ള മാർഗമാണ് (മൻഹജ്) അഹ്‌ലുസ്സുന്നത്തി വൽജമാഅ സ്വീകരിച്ചിട്ടുള്ളത്. തൃപ്തികരവും സമ്പൂർണവുമായ മൻഹജാണത്. അത് ബിദ്അത്തിന്റെ കക്ഷികളുടെ സംശയങ്ങളെ നിരത്തിവെക്കുകയും ശേഷം അവർക്കുള്ള മറുപടി നൽകുകയും ചെയ്യുന്നു. സുന്നത്ത് മുറുകെപ്പിടിക്കേണ്ടതിനും ബിദ്അത്തുകളെയും പുതുനിർമിതികളെയും വർജിക്കേണ്ടതിനും ക്വുർആനിൽനിന്നും ഹദീഥിൽനിന്നും തെളിവുകൾ നിരത്തി വിശദീകരിക്കുകയും ചെയ്യുന്നു.

ഈ വിഷയകമായി ഒരുപാട് ഗ്രന്ഥങ്ങൾ അവർ രചിച്ചു. വിശ്വാസവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പിഴച്ചവാദങ്ങൽ പ്രചരിപ്പിക്കുന്ന അശ്അരിയാക്കൾ, ജഹ്മിയാക്കൾ, ഖവാരിജുകൾ, ശിയാക്കൾ തുടങ്ങിയവർക്കുള്ള ഖണ്ഡനങ്ങൾ അവർ കൃത്യമായി നൽകി. അതിനു പ്രത്യേകമായി ഗ്രന്ഥങ്ങൾ രചിച്ചു.

'ജഹ്മിയ്യാക്കൾക്കൊരു മറുപടി' എന്ന ഇമാം അഹ്മദിന്റെ ഗ്രന്ഥം അതിനുദാഹരണമാണ്. കൂടാതെ, ഉസ്മാനുബ്നു സഈദുദ്ദാരിമി, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, അദ്ദേഹത്തിന്റെ വിദ്യാർഥിയായ ഇബ്നുൽക്വയ്യിം, ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹാബ് തുടങ്ങിയ മഹാരഥന്മാരെല്ലാം സ്വൂഫികൾക്കും ക്വുബൂരികൾക്കുമെതിരിൽ ഗ്രന്ഥം രചിച്ചവരിൽ ചിലരാണ്.

ബിദ്അത്തിന്റെ കക്ഷികൾക്ക് മറുപടിയായി പ്രത്യേകം എഴുതപ്പെട്ട ഗ്രന്ഥങ്ങൾ അനവധിയാണ്. അവയിൽ ചിലത് താഴെ കൊടുക്കുന്നു:

1. ഇമാം ശാത്വിബിയുടെ 'അൽഇഅ്തിസാം.'

2. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യയുടെ 'ഇഖ്തിളാഉസ്സ്വിറാതിൽ മുസ്തക്വീം.'

3. ഇബ്നു വല്ലാഹിന്റെ 'ഇൻകാറുൽഹവാദിഥി വൽബിദഅ്.'

4. ത്വർത്വൂശിയുടെ 'അൽ ഹവാദിഥു വൽബിദഅ്.'

5. അബൂശാമയുടെ 'അൽബാഇസു അലാ ഇൻകാരിൽ ബിദഇ വൽഹവാദിഥി.'

### ആധുനിക ഗ്രന്ഥങ്ങൾ

1. അലീ മഹ്ഫൂദ്: 'അൽ ഇബ്ദാഉ ഫീ മളാർറിൽ ഇബ്തിദാഅ്.'

2. ശൈഖ് മുഹമ്മദ്ബ്നു അഹ്മദുജ്ജുവൈരി അൽഹവാമിദി: 'അസ്സുനനു വൽമുബ്തദിആത്തു അൽ മുതഅല്ലിക്വതു ബിൽഅദ്കാരി വസ്സ്വലവാതി.'

3. അബ്ദുൽ അസീസ് ഇബ്നുബാസ്: 'അത്തഹ്ദീറു മിനൽ ബിദഇ.'

ഇന്നും പണ്ഡിതന്മാർ ബിദ്അത്തിനെ എതിർത്തുകൊണ്ടേയിരിക്കുന്നു. മുബ്തദിഉകൾ ഖണ്ഡനങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മാസികകളും വാരികകളും ഖുതുബകളും പൊതു പ്രഭാഷണങ്ങളും യോഗങ്ങളും അതിന്നുവേണ്ടിയവർ സംഘടിപ്പിക്കുന്നു. മുസ്‌ലിംകൾക്കിടയിൽ വലിയ പ്രതിഫലനങ്ങളാണവ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ബിദ്അത്തുകളെ ഇല്ലായ്മ ചെയ്യാനും ഇതുകൊണ്ട് സാധിച്ചിട്ടുണ്ട്.

### ചില ആധുനിക ബിദ്അത്തുകൾ

**1. പ്രവാചകന്റെ ജന്മദിനാഘോഷം:**

ക്രിസ്ത്യാനികളോട് സാദൃശ്യം സ്വീകരിക്കലാണ് ഈ ഒരു പ്രവർത്തനത്തിലൂടെ അവർ ചെയ്തുകൊണ്ടിരിക്കുന്നത്. പ്രവാചകന്റെ ജന്മദിനത്തോടനുബന്ധിച്ച് എല്ലാ വർഷവും റബീഉൽ അവ്വൽ മാസത്തിൽ വഴിപിഴപ്പിക്കുന്ന ഉലമാക്കളും പാമരന്മാരായ പൊതുജനങ്ങളുമാണിത് ചെയ്തുകൊണ്ടിരിക്കുന്നത്. ചിലർ പള്ളികളിലും മറ്റു ചിലർ വീടുകളും വേറെ ചിലർ ഇതിന്നായി പ്രത്യേകം സംവിധാനിക്കപ്പെട്ട സ്ഥലങ്ങളിലും ഇത് നടത്തിക്കൊണ്ടുപോരുന്നു. ഒട്ടനവധി ജനങ്ങൾ അവിടെ ഒരുമിച്ചുകൂടുന്നു. ഈസാനബിﷺയുടെ ജന്മദിനത്തോടനുബന്ധിച്ച് ക്രിസ്ത്യാനികൾ ചെയ്യുന്നതിനോട് സാദൃശ്യമുള്ളതാണ് ഇത്തരം പ്രവർത്തനങ്ങൾ.

ക്രിസ്ത്യാനികളോട് സാദൃശ്യംപുലർത്തൽ, ബിദ്അത്ത് എന്നിവക്ക് പുറമെ ഒട്ടനവധി വെറുക്കപ്പെട്ട കാര്യങ്ങളും ശിർക്കുകളും ഈ ആഘോഷത്തിൽ വ്യക്തമാണ്. പ്രാർഥനയുടെയും സഹായതേട്ടത്തിന്റെയും സ്ഥാനത്തേക്കെത്തുന്ന രൂപത്തിലുള്ള അതിരുകവിഞ്ഞ പ്രവാചക പുകഴ്ത്തലുകൾ അടങ്ങിയ പദ്യങ്ങൾ പാരായണം ചെയ്യുന്നു. നബിﷺയാകട്ടെ അത് പാടില്ല എന്ന് പറഞ്ഞതുമാണ്: "നസ്വാറാക്കൾ ഈസബ്നു മർയമിന്റെ കാര്യത്തിൽ അതിരുകവിഞ്ഞപോലെ എന്റെ കാര്യത്തിൽ നിങ്ങൾ അതിരു കവിയരുത്. ഞാനൊരു അടിമ മാത്രമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ അടിമയും അവന്റെ റ



സൂലുമെന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക" (ബുഖാരി, മുസ്‌ലിം).

നബിﷺ അത്തരം സദസ്സുകളിൽ ഹാജറാകുമെന്നുപോലും ചിലർ വിശ്വസിക്കുന്നു. ഈണങ്ങളും രാഗതാളങ്ങളും ചേർന്നുള്ള സംഘമായിട്ടുള്ള പദ്യപാരായണമാണ് ഈ പരിപാടിയിൽ നിഷിദ്ധമാക്കപ്പെട്ട മറ്റൊന്ന്. സ്വൂഫികൾ പടച്ചുണ്ടാക്കിയ ബിദ്അത്തുകളിൽ പെട്ടതാണത്. പുരുഷന്മാരും സ്ത്രീകളും ഇവിടെ കൂടിക്കലരുന്നു. ഫിത്നകൾക്കും മ്ലേഛതകൾക്കും ഇത് കാരണമായിത്തീരും.

ഇനി ഇത്തരം നിഷിദ്ധങ്ങൾ ഒഴിവാക്കിക്കൊണ്ട് വെറും ഒരുമിച്ചുകൂടലും ഭക്ഷണം നൽകലും സന്തോഷം പ്രകടിപ്പിക്കലും മാത്രമാണെങ്കിൽതന്നെ ഇത് ബിദ്അത്താണ്. കാരണം നബിﷺ പറഞ്ഞിട്ടുണ്ട്; 'എല്ലാ പുതുനിർമിതികളും ബിദ്അത്താണ്. എല്ലാ ബിദ്അത്തുകളും വഴികേടിലാണ്' എന്ന്. മാത്രമല്ല, ഇത് പുരോഗമിച്ച് പുരോഗമിച്ച് മറ്റു സദസ്സുകളിൽ നടമാടുന്ന വെറുക്കപ്പെട്ട കാര്യങ്ങളും ഉണ്ടായിത്തീരാനിടയുണ്ട്.

ഇതൊരു ബിദ്അത്താണ്. ക്വുർആനിലോ സുന്നത്തിലോ അതിന് അടിസ്ഥാനമില്ല. സലഫുസ്സ്വാലിഹുകളുടെ മാതൃകയില്ല. ഉത്തമ നൂറ്റാണ്ടുകാർ ചെയ്തിട്ടില്ല. ഹിജ്റ 4ന് ശേഷം ഉടലെടുത്ത നൂതനാചാരമാകുന്നു അത്. ശിയാക്കളിലെ ഫാത്വിമിയ്യ വിഭാഗമാണ് അതുണ്ടാക്കിയത്. ഇമാം താജുദ്ദീനുൽ ഫാകിഹാനി പറയുന്നത് കാണുക: "മൗലിദെന്ന പേരിൽ റബീഉൽ അവ്വൽ മാസത്തിൽ ചില ആളുകൾ ഒരുമിച്ച് കൂടി ചെയ്യുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ചോദ്യങ്ങൾ ആവർത്തിച്ച് വരുന്നുണ്ട്; മതത്തിൽ ഇതിന് വല്ല അടിസ്ഥാനവുമുണ്ടോ എന്ന്. എനിക്ക് പറയാനുള്ളത് ഇതാണ്: ക്വുർആനിലോ ഹദീഥിലോ അതിനൊരു അടിസ്ഥാനവും ഉള്ളതായി എനിക്കറിവില്ല. മുൻഗാമികളുടെ പാത പിൻപറ്റുന്നവരും മതകാര്യത്തിൽ മാതൃകയാക്കാവുന്നതുമായ ഒരു പണ്ഡിതനിൽനിന്നും ഇത്തരം ഒരു കാര്യം ഉദ്ധരിക്കപ്പെട്ടിട്ടില്ല. ബാത്വിലിന്റെ ആളുകൾ ഉണ്ടാക്കിയെടുത്ത ബിദ്അത്തും ശാപ്പാട്ടുവീരന്മാർ ഗൗരവത്തോടെ കാണുന്ന ഇച്ഛകളുടെ താൽപര്യവുമാണത്" (രിസാതുൽ മൗരിദ് ഫീ അമലിൽ മൗലിദ്).

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ പറയുന്നു: "നബിﷺയുടെ ജന്മദിനത്തെ ആഘോഷമായി ചില ആളുകൾ കൊണ്ടാടുന്നു. അത് നബിﷺയോടുള്ള ബഹുമാനമോ ക്രിസ്ത്യാനികളോടുള്ള മത്സരമോ ആകട്ടെ; ജന്മദിനത്തിൽ ജനങ്ങൾക്കിടയിൽ ഭിന്നതയുണ്ടെങ്കിലും സലഫുകൾ അത് ചെയ്തിട്ടില്ല. ഇതിന് വല്ല പ്രത്യേകതയോ ശ്രേഷ്ഠതയോ അതിൽ നന്മയോ ഉണ്ടെങ്കിൽ സലഫുകൾ നമ്മെ മുൻകടന്ന് പ്രവർത്തിക്കുമായിരുന്നു. കാരണം അവർ നബിﷺയോട് നമ്മെക്കാൾ സ്നേഹവും ബഹുമാനവും ഉള്ളവരായിരുന്നു. നന്മയിൽ കൂടുതൽ താൽപര്യം കാണിക്കുന്നവരായിരുന്നു. പ്രവാചകനെ പിൻപറ്റിക്കൊണ്ടും അനുസരിച്ചുകൊണ്ടും ബാഹ്യമായും ആന്തരികമായും പ്രവാചക സുന്നത്തുകൾക്ക് പുതുജീവൻ നൽകിക്കൊണ്ടും പ്രവാചകന്റെ സന്ദേശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടും ഹൃദയംകൊണ്ടും കൈകൊണ്ടും നാവുകൊണ്ടും ജിഹാദ് ചെയ്തുകൊണ്ടുമായിരുന്നു നബിﷺയോടുള്ള സ്നേഹവും ബഹുമാനവും അവർ നിലനിർത്തിയിരുന്നത്. ഇതായിരുന്നു മുഹാജിറുകളുടെയും അൻസ്വാറുകളുടെയും അവരെ പിൻപറ്റിയവരുടെയും മാർഗം" (ഇക്തിദാഉസ്സ്വിറാത്വിൽ മുസ്തക്വീം).

ഈ ബിദ്അത്തിനെ എതിർത്തുകൊണ്ട് ആധുനികവും പൗരാണികവുമായി ഒരുപാട് ഗ്രന്ഥങ്ങൾ വിരചിതമായിട്ടുണ്ട്. അന്യമതസ്ഥരോടുള്ള സാദൃശ്യത്തിനും ബിദ്അത്തിനും പുറമെ ഔലിയാക്കന്മാർ, ശൈഖൻമാർ പോലെയുള്ളവരുടെ ജന്മദിനാഘോഷത്തിന് ഈ പ്രവണത കാരണമായിത്തീരും. അതിലൂടെ ഒട്ടനവധി തിന്മകളുടെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യും.

**കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ**
cparappur@gmail.com



# തൂപ്പുകാരിയുടെ വില!

കുറെ നന്മകൾക്കിടയിൽ ഒറ്റപ്പെട്ട തിന്മകൾ തെളിഞ്ഞുകാണുക സ്വാഭാവികമാണ്. നന്മ ചെയ്യുന്ന ഒരു സമൂഹത്തിൽ കുറ്റവാളികൾ ഒറ്റപ്പെടുന്നതാണ്. എന്നാൽ തിന്മ വ്യാപകമായാൽ ആ സമൂഹത്തിൽ നന്മയിൽ പിടിച്ചുനിൽക്കുന്നവരാണ് ഒറ്റപ്പെടുക. 'മുങ്ങിക്കുളിച്ചാൽ കുളിരറ്റു' എന്നു പറഞ്ഞ പോലെ തിന്മയിൽ മുഴുകിയവർക്ക് തിന്മ തെല്ലൊരഭിമാനമായി മാറും. പണ്ടൊക്കെ ഒരു വ്യാജവാർത്ത പ്രസിദ്ധീകരിക്കപ്പെട്ടാൽ അതൊരു ചർച്ചയായിരുന്നു. നിയമലംഘനവും സാമൂഹ്യദ്രോഹവുമായിരുന്നു. ഇന്നാവട്ടെ സോഷ്യൽമീഡിയകൾക്കു കുളിരറ്റപോലെയാണ് വ്യാജപ്രചാരണങ്ങൾക്കു മത്സരിക്കുന്നത്. എന്നിട്ടതൊരു കുറ്റമല്ലാതായി മാറിയിരിക്കുന്നു,

ജനാധിപത്യ മൂല്യങ്ങളെ വിശുദ്ധമായി ഗണിച്ചുപോരുന്ന നമ്മുടെ രാജ്യത്ത് ഏതു പാർട്ടിയാണെങ്കിലും ഒരു ജാഥ സംഘടിപ്പിക്കുന്നതിനുമുമ്പ് ജനശ്രദ്ധയാകർഷിക്കുന്ന മൂല്യമുള്ള മുദ്രാവാക്യങ്ങൾ എഴുതിത്തയ്യാറാക്കാൻ രാഷ്ട്രീയജ്ഞാനവും പക്വതയും അനുഭവ സമ്പത്തമുള്ളവരെയാണ് ഏൽപിച്ചിരുന്നത്. അത്തരം ജാഥകൾ നാട്ടുമ്പുറത്തും നഗരങ്ങളിലും കൂടി അച്ചടക്കപൂർവം നടന്നുനീങ്ങുമ്പോൾ അതു കൗതുകമായിരുന്നു. അത് സംഘടിപ്പിച്ച രാഷ്ട്രീയ പാർട്ടിയുടെ ആദർശവും അവകാശബോധവും മാനിഫെസ്റ്റോകളും ശ്രോതാക്കൾക്ക് ഗ്രഹിക്കാമായിരുന്നു. അനാവശ്യ കോലാഹലങ്ങൾ ജാഥകളിൽ വിലക്കപ്പെട്ടിരുന്നു. എന്നാൽ ഇന്നത്തെ പൊതു അവസ്ഥ മാറിക്കഴിഞ്ഞു. കേട്ടാലറക്കുന്ന അസഭ്യങ്ങൾ വിളിക്കാനറിയുന്നവർക്കാണ് സ്ഥാനം. അത് പിന്നീട് മാന്യതയുടെയും സംസ്കാരത്തിന്റെയും പേരിൽ കെട്ടിയുയർത്തിയ സ്റ്റേജുകളിലേക്കും വേദികളിലേക്കും വ്യാപിച്ചുകൊണ്ടിരിക്കുന്നു. തിന്മകൾ വ്യാപിക്കുമ്പോൾ അത് പുതിയ ശരികളായി മാറുന്നു എന്നർഥം!

അധഃസ്ഥിതരെ കൈപ്പിടിച്ചുയർത്തുക എന്നതാണ് ഇന്ത്യൻ ജനാധിപത്യവ്യവസ്ഥയിലെ വളരെ പ്രശംസിക്കപ്പെട്ട ഒരു സവിശേഷത. അധഃസ്ഥിത വിഭാഗത്തിൽപെട്ട ഒരു മഹാനായ മനുഷ്യൻ ഭരണഘടനക്ക് ഊടുംപാവും നെയ്തപ്പോൾ ആ സദ്വിചാരം എല്ലാ രംഗത്തും കൂടുതൽ പ്രകടമായി. ഇന്ത്യാരാജ്യം സ്വാതന്ത്ര്യമധുരം നുകർന്ന് സ്വന്തമായ ദേശീയപതാക വാനിലുയരുന്നതുകണ്ട് ആഹ്ലാദിക്കുമ്പോൾ ഈ സ്വാതന്ത്ര്യത്തിനുവേണ്ടി ചോരയും നീരുമൊഴുക്കി അധ്വാനിച്ച മഹാത്മാഗാന്ധി അധഃസ്ഥിത വർഗങ്ങളുടെ ചെറ്റക്കുടിലുകളിൽ അവരുടെ കണ്ണുനീർ തുടക്കുകയായിരുന്നുവെന്ന് ചരിത്രം. അത് പക്ഷേ, വിസ്മരിക്കപ്പെട്ടു. വരേണ്യവർഗത്തിന്നു കുഴലൂതുന്ന രാജ്യനായകന്മാരാണ് ഇന്ന് വിശുദ്ധിയുടെ കപടവേഷംകെട്ടി നടക്കുന്നത്. ഫാഷിസ്റ്റ് ഭരണത്തിൻ തണലിൽ ദളിതരുടെ സമ്പത്തും ചാരിത്ര്യവും ജീവനും വ്യാപകമായി ചവിട്ടിമെതിക്കപ്പെടുന്നത് വ്യാപകമായപ്പോൾ വരേണ്യർ രാജ്യമൊട്ടുക്കും അതൊരു സംസ്കാരമായി വളർത്തിയെടുക്കാൻ ശ്രമിക്കുന്നതും സംവരണാവകാശവും ആനുകൂല്യങ്ങളും അവഗണിക്കപ്പെടുന്നതും വ്യാപിക്കുകയാണ് രാജ്യത്ത്.

ഇത്തരം സമീപനങ്ങളിൽ ഇസ്‌ലാമിന്റെ മാതൃക ലോകരാഷ്ട്രീയത്തിനുതന്നെ മാതൃകയാണ്. മദീനയിലെ പള്ളി അടിച്ചുവാരി വൃത്തിയാക്കുന്ന ഉമ്മുമിഹ്ജൻ എന്ന കറുത്ത വർഗത്തിലെ തൂപ്പുകാരി മരിച്ചപ്പോൾ അവരുടെ ജനാസ നബിﷺയെ അറിയിക്കാതെതന്നെ ജനങ്ങൾ മറവുചെയ്തു. ഊരും പേരുമില്ലാത്ത ഒരു തൂപ്പുകാരി മരിച്ച വിവരം സർവാദരണീയനായ നബിﷺയെ എന്തിനറിയിക്കണമെന്നേ വിശ്വാസികൾ കരുതിയുള്ളൂ. മരിച്ചത് രാത്രിയായതിനാലും നബിﷺ ഉറങ്ങിയതിനാലും വിളിച്ചുണർത്താൻ മാത്രമില്ലല്ലോ എന്നേ അവർ വിചാരിച്ചുള്ളൂ. അടുത്ത ദിവസം അവരെ കാണാതായപ്പോൾ നബിﷺ അന്വേഷിച്ചു. തന്നെ വിവരമറിയിക്കാത്തതിനാൽ അവിടുന്ന് പരിഭവിച്ചു. ശേഷം ആ സ്ത്രീയുടെ ക്വബ്ർ കാണിച്ചുകൊടുക്കാനാവശ്യപ്പെട്ടു. നബിﷺ ആ ക്വബ്റിനടുത്തു ചെന്ന് ജനാസ നമസ്കരിച്ചു, പ്രാർഥിച്ചു.

മരിച്ചയാൾ മറവുചെയ്യപ്പെട്ടാലും ക്വബ്റിനടുത്തു ചെന്ന് ജനാസ നമസ്കാരം നിർവഹിക്കാമെന്ന ഇസ്‌ലാമിക വിധി, ലോകവസാനംവരെ നിലനിൽക്കത്തക്കവിധം നിലവിൽ വന്നത് ഈ തൂപ്പുകാരിയുടെ മരണത്തോടുകൂടിയാണ്.അധഃസ്ഥിതരോട് മനുഷ്യമൂല്യങ്ങളെ വിലമതിക്കുന്ന ഭരണകർത്താവ് സ്വീകരിക്കേണ്ട നിലപാട് ഈ സംഭവത്തോടെ സ്വഹാബികൾ പഠിച്ചു.

GREEN VALLEY INSTITUTIONS

# GREEN HOME

## RESIDENTIAL CAMPUS FOR BOYS



## What is ?

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

**Affiliated to CBSE, New Delhi,** the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green Home Residential Program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special Features Included

- Curriculum focusing on quran, belief system, jurisprudence and Islamic history
- Guidelines prepared by panel experts in the field of Islamic education
- Quran memorizing with tajweed
- Communicative Arabic and English

**Registration Open for Grade 5-9**
**(Boys Only)**

0495-220 8770
+91 8606788882
www.greenvalleycampus.com

**Green Valley Campus**
**Nellikkaparamba, Mukkam,**
**Calicut, Pin: 673602**

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 FEBRUARY 13

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

wisdomstudents

Scan here for Registration

WISDOM students

# 25th PROFCON

## PROFESSIONAL STUDENTS GLOBAL CONFERENCE

TO THE RIGHT GOAL...
**THROUGH THE RIGHT PATH..**

THIS TIME WE GO ONLINE

Live Streaming On www.profcon.in

**2021 FEBRUARY 25 26 27 28**

edifice
Centre for Islamic Studies & Guidance

peaceradio
Tune to reality

WISDOM students

CV Complex,
PV Sami Road, Kozhikkode
**9562 01 40 50**